# "പട്ടാദാർ"

''കരം ഒടുക്ക്, പോക്കുവരവ്, പുറമ്പോക്ക്, പുതുവൽപതിവ്,
പൊന്നുംവില, കൃഷി വായ്പ, ഭൂസ്വത്തുജാമ്യ ബാങ്ക്,
ജന്മികുടിയാൻ, വരാൻപോകുന്ന കണ്ടെഴുത്തിൽ
അറിയേണ്ടും കാര്യം, ഹർജികാര്യം,
ജനനമരണം, വിവാഹം മുതലായി
ഭൂസ്വത്തുടമസ്ഥന്മാർ അറിഞ്ഞിരി
ക്കേണ്ട എല്ലാ സംഗതികളും
ഇതിൽ അടങ്ങീട്ടുണ്ട്.

12246

---

## തിപ്പമല മാധവൻപിള്ള

---

ക്രിസ്റ്റൽ പ്രസ്സ്, മാർത്താണ്ഡം.

1108.

വില ചക്രം ൭

ഗ്രന്ഥകർത്താവിന്റെ മുദ്രയോ ഒപ്പോ ഇല്ലാത്ത പുസ്തകം വ്യാജമാകുന്നു

# മുഖവുര

ഈ പുസ്തകം കുടിയാനവന്മാക്ക് എത്രത്തോളം ഉപകാരപ്രദമാണെന്നുള്ളതു് പൊതുജനങ്ങളുടെ സമ്മതിയെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ, തിരുവിതാംകൂർ പൗരാവലിയുടെ സുസമ്മതനേതാവായ റിട്ടയാർഡ് ലാൻറു റവന്യൂ ആൻറു ഇങ്കംടാക്സ് കമ്മിഷണർ രാജമാന്യരാജശ്രീ ആർ. കൃഷ്ണപിള്ള ബി. എ., ബി. എൽ. അവർകളുടെ സർട്ടിഫിക്കാററു സംഭ്രമത്തോട്ടുകൂടിയാണ് ഞാൻ വായിച്ചതു്. അദ്ദേഹം എൻെറ പരമരക്ഷാധികാരിയാണെന്നുള്ള വസ്തുത എനിക്കു തുറന്നു പറയാതെ നിവൃത്തിയില്ല.

ഈ പുസ്തകത്തിനു ഒരു അവതാരിക എഴുതിത്തന്ന സ്ഥലം മുനിസിപ്പാലിററി പ്രസിഡണ്ടു മ-രാ-രാ കെ. എം. മാധവൻപിള്ള അവർകളോട്ട് എനിക്കുള്ള കൃതജ്ഞത വാചാമഗോചരമാകുന്നു. ഇതിനെ സൗകര്യാനുസരണം അച്ചിട്ടുതന്ന മാർത്താണ്ഡം ക്രിസ്റ്റൽ പ്രസ് ഭാരവാഹികളോട്ടും എൻെറ നന്ദിയെ പ്രദർശിപ്പിച്ചുകൊള്ളട്ടെ.

ഈ പുസ്തകത്തിൽ ൧൦-ം, ൨൦-ം, ൩൪-ം, ൩൯-ം, ൪൭-ം, ൫൦-ം, ൫൪-ം, ൬൯-ം വകുപ്പുകൾ വായിക്കുമ്പോൾ ഈ പുസ്തകത്തിൻെറ ഒടുവിൽ കൂട്ടുതൽ എന്നു ചേർത്തിട്ടുള്ള ഖണ്ഡികയിലെ ഒന്നു മുതൽ ഒൻപതുവരെ പാരാകളെ കൂടി യഥാക്രമം ചേർത്തു വായിക്കണമെന്നു് അപേക്ഷിക്കുന്നു.

# അവതാരിക

"പട്ടാദാർ" എന്ന പുസ്തകം ഗ്രന്ഥകർത്താവിൻെറ അപേക്ഷാനുസരണം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

കരക്കുടിസ്ഥിഖലേലം, പുറമ്പോക്കു കേസ്സ്, തണ്ടപ്പേരു കുഴപ്പം, അനുഭവതക്കം ഇങ്ങനെ വസ്തു ഉടമസ്ഥന്മാർ അനുഭവിക്കുന്ന സങ്കടങ്ങൾക്കു ഞാനും ഒരു ഭാഗഭാക്കാണ് ഇങ്ങനെയുള്ള ദുർഘടഘട്ടങ്ങളിൽ വസ്തു ഉടമസ്ഥന്മാക്കു എന്തുചെയ്യുന്നമെന്നുള്ള അറിവില്ലായ്മ കൊണ്ടുള്ള അനന്തരങ്ങൾ അല്പം അല്ല. ഈ പുസ്തകം വസ്തുഉടമസ്ഥന്മാരുടെ ആവക ദുരിതങ്ങൾക്കു വേണ്ട പരിഹാരമാർഗ്ഗങ്ങൾ നൽകുന്ന

തിനു പര്യാപ്തമാണ്. ഇതിൽ പട്ടാദാരന്മാർ അറിഞ്ഞിരിക്കേണ്ടതും അനുഷ്ഠിക്കേണ്ടതുമായ നടപടികൾക്കു പുറമെ ഓരോ അപേക്ഷക്കും ഉള്ള ഫാറങ്ങളും കൊടുത്തിരിക്കുന്നു. അതിനാൽ പൊതുജനോപകാരപ്രദമായ ഈ പുസ്തകം പൊതുജനസമക്ഷം അവതരിപ്പിക്കേണ്ട ഭാരം കൈയേൽക്കുന്നതിലും കഴിഞ്ഞുറ മുനിസിപ്പാലിററി വക ൧൧൦൮-ാമാണ്ടത്തെ കർക്കടക "വാവുബലി പ്രദർശന"ത്തിനു കർഷകന്മാർക്കു അത്യന്താപേക്ഷിതമായ ഈ പുസ്തകം സ്വീകരണം ചെയ്യാൻ ഇടവന്നതിലും എനിക്കു ചാരിതാർത്ഥ്യം ഉണ്ട്.

സരസ്വതിവിലാസം ബംഗ്ലാ<br>
൧൧൦൮ കർക്കടകം ൨-ാംനു.

(Sd.) K. M. Madhavan Pillai<br>
മുനിസിപ്പാലിററി പ്രസിഡൻറ്<br>
കഴിഞ്ഞുറ.

രാജമാന്യരാജശ്രീ റിട്ടയാർഡ് ലാൻഡ് റവന്യൂ ആൻഡ് ഇങ്കംടാക്സ് കമ്മീഷണർ ആർ. കൃഷ്ണപിള്ള അവർകൾ സമക്ഷത്തു നിന്നും സദയം അയച്ചുതന്ന,

## അഭിപ്രായം

"റവന്യൂകാര്യാദികളിൽ വേണ്ട വിവരം ഇല്ലാതെ മിക്കജനങ്ങൾക്കും അനേക കഷ്ടനഷ്ടങ്ങൾക്കു ഇടയാകുന്നുണ്ട്. ആ കാര്യാദികളിൽ അവർക്കു വേണ്ട അറിവുകൊടുക്കുന്ന ഒരു പുസ്തകം മലയാളഭാഷയിൽ ഇല്ലാത്തതാണ് അതിനു പ്രധാന കാരണം. ആ ന്യൂനതയെ പരിഹരിക്കുന്നതിനാണ് റവന്യൂകാര്യങ്ങളിൽ നല്ല വിവരവും [illegible]ക്കവുമുള്ള ശ്രീമാൻ തിരുമല മാധവൻപിള്ളയുടെ ശ്രമം. ഈ പുസ്തകം ഞാൻ മുഴുവനും വായിച്ചുനോക്കി. ഇതിൽ ജനങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ടതായ പല റവന്യൂ കാര്യങ്ങൾ വിശദമായും അവർക്കു അതുകളെ എളുപ്പത്തിൽ മനസ്സിലാക്കാവുന്ന വിധത്തിലും എഴുതീട്ടുള്ളതായി കാണുന്നു. ഈ പുസ്തകം തിരുവിതാംകോട്ടുള്ള കുടിയാനവന്മാർക്കു എന്നല്ല റവന്യൂ ഡിപ്പാർട്ടുമെൻറിലെ സിൽബന്ധികൾക്കും കൂടി വളരെ ഉപകാരപ്രദമായിരിക്കുമെന്നു നിസ്സംശയം പറയാവുന്നതാണ്."

Trivandrum,<br>
1—12—1108.

(Sd.) R. Krishna Pillai,<br>
Retired Ag. Land Revenue &<br>
Income tax Commissioner.

# "പട്ടാദാർ"

12246

## കരം ഒടുക്ക്.

൧. "പട്ടാദാർ" എന്നുവെച്ചാൽ "വസ്തു ഉടമസ്ഥൻ" എന്നർത്ഥം.

൨. സക്കാരിലേയ്ക്കു കരം ഒടുക്കുന്നതിന്ന് നേരിട്ടുള്ള അധികൃതൻ പട്ടാദാരനാകുന്നു.

൩. വസ്തുവിന്റെ ഉടമസ്ഥാവകാശത്തിന്നു ലക്ഷ്യമായി സക്കാരിൽ നിന്നും കൊടുക്കുന്ന പട്ടയത്തിന്റെ ധാരകനാണു് പട്ടാദാരൻ.

൪. പട്ടയബാദ്ധ്യതയില്ലാതെ ഒററിയൊ പാട്ടമൊ കൈവശമൊ അടിസ്ഥാനപ്പെടുത്തി—അനുഭവപ്പടി കരം ഒടുക്കുന്നവർ പട്ടാദാരന്മാരാവുകയില്ല.

൫. നിങ്ങൾക്കു ജന്മാവകാശമുള്ള വസ്തുക്കൾക്കൊക്കെ നിങ്ങൾക്കു ഒരു പട്ടയമുണ്ടു്. അതിന്നു ഒരു നമ്പരുമുണ്ടു്. ഈ നമ്പർ ഓരോ വസ്തു ഉടമസ്ഥനും ഹൃദിസ്ഥമാക്കിയിരിക്കണം.

൬. സെററിൽമെന്റു കഴിഞ്ഞപ്പോൾ എല്ലാവക്കും തെളിവുചീട്ടും പട്ടയവും കൊടുത്തിട്ടുണ്ടു്. തെളിവുചീട്ടു്, പട്ടയം കൊടുക്കുന്നതിന്നുമുമ്പു് കൊടുത്തിട്ടുള്ള ഒരു ലക്ഷ്യം മാത്രമാണു്. പട്ടയമാണു് സർവ്വോപരി പ്രധാനം. നമുക്കു ഉടമസ്ഥാവകാശമുള്ള വസ്തുക്കളെ സംബന്ധിച്ചുള്ള വിവരങ്ങളെല്ലാം പട്ടയത്തിൽ ഉണ്ടു്.

൧. സെററിൽമെൻറു കഴിഞ്ഞു്, ഇരുപതു സംവൽസരത്തിനു മേലായി. ചിലരെല്ലാം പട്ടയംതന്നെ കളഞ്ഞിട്ടുണ്ടു്. അടുത്ത കണ്ടെഴുത്തു തുടങ്ങാറായി. പട്ടയം കൈവശമില്ലാത്ത വസ്തുഉടമസ്ഥന്മാർ താലൂക്കിൽ അപേക്ഷകൊടുത്തു പട്ടയത്തിന്നടിസ്ഥാനമായ "ചിററാ"വിനു പകർപ്പു വാങ്ങി സൂക്ഷിച്ചുകൊള്ളണം. സെററിൽമെൻറിനു പിന്നീടുള്ള ഭേദഗതി സംബന്ധിച്ചു ചിററാവിനു പകരം പകുതി ബി രജിസ്റ്ററിനു പകർപ്പു വാങ്ങിച്ചുകൊള്ളണം.

൨. സെററിൽമെൻറിനെ തുടന്നു, നിങ്ങൾ ചില വസ്തുക്കൾ കൂടുതൽ വാങ്ങിച്ചിരിക്കാം. പുതുവൽ പതിച്ചു വാങ്ങിച്ചിരിക്കാം. ഇതിനൊക്കെ ഓരോ പട്ടയം കിട്ടും. നമുക്കു കിട്ടിയിട്ടുള്ള സെററിൽമെൻറു പട്ടയനമ്പരിൽതന്നെ ഈവക പട്ടയങ്ങളും സപ്ളിമെൻറായി കിട്ടുന്നതാണു്. ഇവയ്ക്കു പട്ടയം കിട്ടാത്തപക്ഷം താലൂക്കിൽ അപേക്ഷിച്ചു പട്ടയം വാങ്ങിച്ചുകൊള്ളണം.

൩. നിങ്ങൾക്കു ഒരു പകുതിയിൽ ഒരു പട്ടയമാണു് ഉണ്ടായിരിക്കേണ്ടതു്. അതായതു ഒരേ നമ്പരിൽ ഒന്നിലധികം നമ്പരായാൽ കുഴപ്പത്തിനു കാരണമാകും. അങ്ങനെ ഒന്നിലധികം പട്ടയനമ്പരുകളിലാണു് കരം തീക്കുന്ന പക്ഷം അതു് മുൻ പട്ടയനമ്പരിൽ ഉൾപ്പെടുത്തി ഒന്നായി കിട്ടുന്നതിനു താലൂക്കിൽ അപേക്ഷിച്ചാൽമതി.

൪. പട്ടയത്തിൽ നിങ്ങൾക്കു അവകാശമുള്ള വസ്തുക്കളുടെ സർവ്വെ നമ്പ്ര, ഏരിയ, വസ്തു നിലമൊ, പുരയിടമൊ, തരം, കരം ഇതിനൊക്കെ വകതിരിച്ചു വിവരമുണ്ടു.

പട്ടയത്തിൻപടിയുള്ള എല്ലാ വസ്തുക്കളുടേയും ആകെ ക്കൂടിയ കരവും ആവക കരം ഏതേതു തവണ മാസങ്ങളിൽ എത്രവീതം കൊടുക്കണമെന്നും പട്ടയത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്. അതനുസരിച്ചാണ് കരമൊടുക്കി തീക്കേണ്ടതു്. പട്ടയത്തിൽ ഇതിൻവണ്ണം കരം വീതിച്ചിട്ടുള്ളതനുസരിച്ച പണപ്പിരിവു നടത്തുന്നതിന്നാധാരമായി പകുതിക്കച്ചേരിയിൽ തണ്ടപ്പേരു് എന്നൊരു കണക്കുണ്ട്. ഈ പട്ടയത്തിൽ കാണുന്ന തവണയും കരത്തുകയും തണ്ടപ്പേരിൽ വീതിച്ചു വച്ചിട്ടുണ്ട്. തുലാം, വൃശ്ചികം, മീനം മേടം ഈ മാസങ്ങളിൽ ൨൫-ാം തീയതി തോറുമാണ് പട്ടാദാരൻ പകുതിക്കച്ചേരിയിൽ ചെന്നു് കരം ഒടുക്കുവാനുള്ളതു്. കരം തുല്യതുകയായി ഓരോ തവണയ്ക്കും വീതിച്ചിട്ടുണ്ട്. ചില താലൂക്കുകളിൽ തവണ മാസങ്ങൾ ഭേദിച്ചിരിക്കും. അതനുസരിച്ചു കരം ഒടുക്കി തീക്കണം.

൧൧. നിങ്ങളുടെ പട്ടയപ്പടിയുള്ള ആകെക്കൂടിയ കരം ഒരു രൂപായിൽ താഴെ ആണെങ്കിൽ—മീന മാസം തവണയ്ക്കു ആയതു് ഒന്നായി കൊടുത്താൽ മതി.

൧൨. വസ്തുക്കളുടെ കരത്തിന് "ആയക്കെട്ടു്" കരം എന്നു പറയും. ആയക്കെട്ടു കരമല്ലാതെ "കുത്തകപ്പാട്ട"മായൊ "നിഃരാധന" കരമായോ നിങ്ങൾ സക്കാരിലേയ്ക്കു തുക കൊടുപ്പാനുള്ളപക്ഷം കുത്തകപ്പാട്ടത്തുക വൃശ്ചികവും, മേടവും മാസങ്ങളിൽ ൨൫-ാം തീയതിക്കു തുല്യ വീതമായി കൊടുക്കണം. നിഃരാധന കരമാണെങ്കിൽ തുലാം ൨൫-ാം തീയതി കൊടുക്കണം.

൧൩. കുത്തകപ്പാട്ടം എന്നതു് സക്കാർ പുറമ്പോക്കിലുള്ള വൃക്ഷങ്ങളുടെ പാട്ടമാണ്. നിഃരാധനകരം

നിങ്ങൾ പുറമ്പോക്കിൽ പ്രവേശിച്ചതിന കേസെടുത്തു ശിക്ഷിച്ച നിശ്ചയിച്ചിട്ടുള്ള തുകയാകുന്നു.

൧൪. കൃത്യ തീയതിക്കു കരം ഒടുക്കി തീൎക്കാത്ത പക്ഷം ആ കാൎയ്യത്തിൽ നിങ്ങൾ വീഴ്ചക്കാറനായി ഉടനെ നിങ്ങളുടെ പേരു് പകുതിവക കുടിശിഖ പേരുവഴി അക്കൌണ്ടിൽ കയറും. ഉടനെ താലൂക്കിൽ നിന്നും നിങ്ങൾക്കു "ഡിമാൻറു നോട്ടീസു" അയയ്ക്കും.

൧൫. ഡിമാൻറുനോട്ടീസ് കരക്കുടിശിഖ റഗുലേഷൻപ്രകാരം അയക്കുന്നതാണു്. അതിൽ കുടിശിഖ ഏതു തവണയ്ക്കുള്ളതെന്നും ഏതു പട്ടയത്തിൻപടി ഏതേതു സൎവ്വേ നമ്പരുകൾക്കുള്ളതെന്നും കുടിശിഖ തുക എത്രയെന്നും വിവരം കാണും. ഉടനെ നിങ്ങളുടെ മുൻ രസീതുകൾ എടുത്തുനോക്കി അതിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ശരിതന്നെയോ എന്നു നോക്കണം. അതിൽ പറഞ്ഞിട്ടുള്ള വല്ല വസ്തുക്കളുടേയും കരം കീഴ്ക്കട ഒററിക്കാർ തീൎത്തുവരുന്നതാണെങ്കിൽ അവരെക്കൊണ്ടു ആ വസ്തുക്കളുടെ കരം തീൎപ്പിക്കാൻ ഏൎപ്പാടുചെയ്യണം. വസ്തു അനുഭവം ഒററിക്കാറനായിരുന്നാലും കരം തീൎക്കുവാൻ നിയമപ്രകാരം ചുമതലപ്പെട്ടവൻ പട്ടാദാരൻ തന്നെയാണെന്നു മനസ്സിലാക്കണം. മുകളിൽ പറഞ്ഞിട്ടുള്ള ൨-ാം വകുപ്പു നോക്കുക.

൧൬. കരക്കുടിശിഖ റഗുലേഷനിൽ ഡിമാൻറു നോട്ടീസുകൾ അയക്കുന്നതിനു രണ്ടു വകുപ്പുകൾ പറഞ്ഞിട്ടുണ്ടു്. ൭-ാം വകുപ്പും, ൨൩-ാം വകുപ്പും.

൧൭. ൭-ാം വകുപ്പിൻപ്രകാരം ഡിമാൻറു നോട്ടീസു നടത്തിക്കഴിഞ്ഞാൽ ൭ ദിവസത്തിനകം കെട്ടേണ്ട

കരവും ഡിമാൻറുപടിയും ഒടുക്കിത്തീക്കാത്തപക്ഷം നിങ്ങളുടെ ജംഗമ വസ്തുക്കളെ കണ്ടുകെട്ടു (ജപ്തിചെയ്യു) ന്നതിന് പാർവ്വത്യകാർക്കു അധികാരമുണ്ട്. ഡിമാൻറു നോട്ടീസിൽ ആ വിവരം പറഞ്ഞിട്ടുണ്ട്.

൬വ്യ ജംഗമം എന്നു പറഞ്ഞാൽ 'ഇളകുന്നമുതൽ' എന്നർത്ഥം. വീട്ടുസാമാനങ്ങളും വിളവുകളും കന്നുകാലികളും ഇതിൽ ഉൾപ്പെടും. എന്നാൽ കൃഷി ആയുധങ്ങളോ ഉഴവുമാടുകളോ അതിൽ ഉൾപ്പെടുകയില്ല. ജംഗമം ജപ്തിചെയ്താൽ ആയതു ലേലത്തിൽ വിൽക്കുന്നതിന് പരസ്യം ചെയ്തു (൧൫ ദിവസത്തെ അവധിവച്ചു) ലേലത്തിൽ വില്പിക്കും. അതിനകം നിങ്ങൾക്ക് താലൂക്കിൽ ഹർജി ബോധിപ്പിച്ചു കുടിശിഖ ഒടുക്കിത്തീർത്തു ജപ്തി വിടുതൽ ചെയ്യിക്കാം. എന്നാൽ ഉടനടി ലേലത്തിൽ വിൽക്കാത്തപക്ഷം നശിച്ചുപോകുമെന്നുള്ള വിളവുകളെ അതിന്മണ്ണം ഉടനടിതന്നെ ലേലത്തിൽ വിററുപോകുന്നതാണ്.

൭ൻ. ൧൨-ാം വകുപ്പിൻപ്രകാരമുള്ള ഡിമാൻറു നോട്ടീസു സ്ഥാവരവസ്തു നടപടിക്കുള്ളതാണ്. ടി നോട്ടീസു നടത്തി അതിലെ അവധി കഴിഞ്ഞാൽ നിങ്ങളുടെ സ്ഥാവരവസ്തുക്കൾ (നിലം പുരയിടങ്ങൾ) യഥോചിതം കുടിശിഖയ്ക്കു തക്കവണ്ണം പാർവ്വത്യകാർക്കു ജപ്തി ചെയ്‌വാൻ അനുവാദം കൊടുക്കുന്നതാണ്. വസ്തു ജപ്തിചെയ്യുന്ന വിവരത്തിനു വസ്തുവിലും പകുതിക്കച്ചേരിയിലും മററും ജപ്തിപ്പട്ടിക പതിക്കും. അതിൽ ഇൾപ്പെട്ട വസ്തുവിന്മേൽ കരം മുതലായതു് ഒടുക്കിത്തീർക്കാ

അപക്ഷം വസ്തു ലേലത്തിൽ വില്പിക്കുന്നതാണെന്ന് വിവരം പറഞ്ഞിരിക്കും.

൨൦. വസ്തു ജപ്തിചെയ്തുകഴിഞ്ഞാൽ കുടിശിഖ കരത്തിനും മുകളിൽ പറഞ്ഞ ഡിമാൻറ പടിക്കുംപുറമെ ജപ്തിപ്പടി എന്ന വകയിലും മുരശുക്രലി എന്ന വകയിലും ഒരു തുകക്രുടി കൊടുക്കുന്നതിനു നിങ്ങൾ നിർബന്ധിതനാണ്.

൨൧. ഡിമാൻറുപടി നോട്ടീസു നടത്തപ്പെട്ടാലെ കൊടുക്കേണ്ടതുള്ളു. പക്ഷേ ഡിമാൻറുപടി നിങ്ങൾ നോട്ടീസു കൈപ്പററിയാൽ മാത്രമെ കൊടുക്കേണ്ടതുള്ളു എന്നു വിചാരിക്കേണ്ടതില്ല. പുരവാതുക്കൽ പതിച്ചും വച്ചു പോയാലും കൊടുക്കേണ്ടതുതന്നെ. ചിലപ്പോൾ നാം അതു അറിഞ്ഞില്ലെന്നു വരും. ചിലർ ഡിമാൻറ നോട്ടീസുകൾ കൈപ്പററുവാൻ തക്കിക്കുന്നുണ്ട്. അതു പിശകാണ്. അതുകൊണ്ടു സക്കാരിൽ നിന്നും മേൽ നടപടി നടത്താതിരിക്കുന്നതല്ല.

൨൨. കരക്കുടിശിഖക്കായി ജപ്തിചെയ്തിട്ടുള്ള വസ്തുവെ സംബന്ധിച്ചു നിങ്ങൾക്കു ന്യായമായ വല്ല തക്കവും ഉണ്ടെങ്കിൽ വിവരം കാണിച്ചു അര രൂപായുടെ കോർട്ടു ഫീസ് സ്റ്റാമ്പു പതിച്ചു താലൂക്കിൽ ഹർജി ബോധിപ്പിക്കാം. കുടിശിഖ കരം നിങ്ങൾ കൊടുക്കേണ്ടതില്ലെന്നു വാദമുള്ള സംഗതികളിലൊഴികെ കരം കൊടുത്തു തീക്കുകയാണ് ഉത്തമം.

൨൩. സ്ഥാവരവസ്തു ജപ്തിചെയ്തുകഴിഞ്ഞാൽ അതിനെ തുടന്നു ജപ്തിവസ്തു വില്പനയ്ക്കുള്ള നടപടിയാവും. അതായതു വസ്തുവില്പനയെപ്പററി പരസ്യം പ്രസിദ്ധപ്പെടുത്തും.

ഈ പരസ്യത്തിന്ന ൩൦ ദിവസത്തെ അവധി ഉണ്ടായിരിക്കും. ഈ ൩൦ ദിവസത്തിനകത്തു നിങ്ങൾക്ക കുടിശിഖ കരവും അതുവരെയുള്ള നടപടി ചിലവു് മുതലായതുംകൊടുത്തു ജപ്തി വിട്ടുതൽ ചെയ്യിക്കാം.

൨൪. പരസ്യത്തിലെ അവധിയായ ൩൦ ദിവസം കഴിഞ്ഞാൽ വസ്തു മുറയ്ക്കു ലേലത്തിൽ വില്പിക്കും അതു പകുതിയിൽ വച്ചോ താലൂക്കിൽവച്ചോ നടത്തും. വസ്തു ലേലത്തിൽ വിൽക്കുന്നതിനെ സംബന്ധിച്ച പകുതിക്കച്ചേരിയിലും താലൂക്കിലും പോലീസ്സ സ്റ്റേഷനിലും ഗസെററിലും പരസ്യം പ്രസിദ്ധപ്പെടുത്തും. ലേലത്തിയതി വിവരം കാണിച്ച നിങ്ങൾക്ക നോട്ടീസ്സ തരുകയുംചെയ്യും അപ്പോഴും നിങ്ങൾക്ക കരം ഒടുക്കി തീക്കാം. വസ്തു ലേലം ചെയ്താൽ ൩൦ ദിവസം കഴിഞ്ഞാണ് ലേലം സ്ഥിരപ്പെടുത്തുന്നതു്. ലേലം സ്ഥിരപ്പെടുത്താനുള്ള അധികാരം ദിവാൻപേഷ്ക്കാക്ക ആകുന്നു. ലേലം കഴിഞ്ഞു ൩൦ ദിവസത്തിനകത്തും നിങ്ങൾക്ക കരം ഒടുക്കിത്തീക്കാം. എന്നാൽ അതിലേയ്ക്കു ദിവാൻപേഷ്ക്കാരുടെ പേക്ക ഹർജിയെഴുതി താലൂക്കിൽ ഹാജരാക്കണം. ആ ഹർജിയിൽ കോർട്ടു ഫീസ് അര രൂപാ സ്റ്റാമ്പ് പതിച്ചിരിക്കണം. അതോടുകൂടി, കരക്കുടിശിഖയും നടപടിച്ചിലവുകളും ലേലസംഖ്യയ്ക്കു നൂററിന്ന അഞ്ചുവീതം ലേലക്കാരന്ന കൊടുപ്പാനുള്ള ഒരു പലിശയും ഉണ്ടായിരിക്കണം. ഹർജി താഴെപ്പറയും പ്രകാരമായിരിക്കണം.

രാജമാന്യരാജശ്രീ ഡിവിഷൻ ദിവാൻപേഷ്ക്കാർ അവർകൾ ആഫീസിലേയ്ക്കു (ഹർജിക്കാരന്റെ മേൽവിലാസവും പേരും എഴുതി) ബോധിപ്പിക്കുന്ന ഹർജി.

പകുതിയിൽ ാം നമ്പ്ര വസ്തു കര ക്കുടിശിഖക്കായി ലേലത്തിൽ വിളിച്ചിരിക്കുന്നതായറിയുന്നു. ആ വക കാര്യം നടപടിച്ചിലവു മുതലായതും ഞാൻ ഹാജരാക്കിക്കൊള്ളാം. അതിലേയ്ക്കു മുറയ്ക്കുള്ള ചെല്ലാൻ കിട്ടണം. ഞാൻ ടി വസ്തുവിന്റെ പട്ടാദാരനാണു്. (അല്ലെങ്കിൽ കരം ഒടുക്കുന്നതിനുള്ള ചുമതല ഉന്ന തെന്നു പറയണം.) തീയതിയും ഒപ്പും

ഡിമാന്റുപടി, ജപ്തിപ്പടി, മുരശ്ശുക്കൂലി മുതലായതിന്റെ വിവരം താഴെ ചേർത്തിരിക്കുന്നു.

## ഡിമാന്റുപടി.

കുടിശിഖകൊണ്ടു കരം ൫ രൂപാവരെ ആണെങ്കിൽ ൪ ചക്രം.
൫ രൂപായ്ക്കു താഴെ ൪ ചക്രംവരെയാണെങ്കിൽ ൨ ചക്രം.
൨ ചക്രത്തിൽ കുറഞ്ഞ തുകയ്ക്കു പടി ഇല്ല.

## ജപ്തിപടി.

ജംഗമ നടപടിക്കു ൮ ചക്രം.
സ്ഥാവരനടപടിക്കു ൫൪ ചക്രം.

## മുരശ്ശുക്കൂലി.

ജംഗമ പരസ്യത്തിനു ൧ ചക്രം.
സ്ഥാവര ജപ്തിക്കു ൧ ചക്രം.

൨൭. കരം ഒടുക്കുന്ന സംഗതിയിൽ നിങ്ങൾ പലതും ഗൗനിപ്പാനുണ്ട്. കരം ഒടുക്കേണ്ട വസ്തുക്കളുടെ സർവ്വേ നമ്പർ ശരിയായി മനസ്സിലാക്കിയിരിക്കണം.

മിക്കവക്കും വസ്തുവിൻെറ പേരേ അറിയാവൂ. സർവ്വെ നമ്പർ അറിഞ്ഞുകൂടാ. അതുപോരാ. അതുപോലെ തന്നെ പട്ടയനമ്പരും കരവും കൂടി അറിഞ്ഞിരിക്കണം.

വന്നു. പകുതിക്കച്ചേരിയിൽ ചെന്നു കരം ഒടുക്കിയാൽ പാർവ്വത്യകാരെനാ അക്കൌണ്ടൻെറാ ഒപ്പിട്ടു ഒരു രസീതു കിട്ടുന്നതാണ്. കരം കണിശമായി കൊടുക്കാത്തവരുടെ വീടുകളിൽ ചെന്നും ചന്തയിൽ വച്ചും പകുതി ജീവനക്കാർ കരം പിരിക്കാറുണ്ട്. ഇവക്കു ഉടനടി രസീതു കിട്ടി എന്നു വരുന്നതല്ല. കരം കൊടുത്തു എന്നും രസീതു കിട്ടീട്ടില്ലെന്നും മററുമുള്ള പരാതികൾക്കുള്ള വീഴ്ചക്കാർ പട്ടാദാരന്മാർ തന്നെ. കരം നിർണ്ണയം വരുത്തിയല്ല പണം കൊടുക്കുന്നതും. ഇതു പട്ടാദാരന്മാർ പ്രത്യേകം ഗൌനിക്കണം. അല്ലാത്തപക്ഷം കരം കൊടുത്തതായി വിചാരിക്കുന്ന വസ്തുക്കൾ തന്നെയും കരം കണക്കിൽ മുതൽവയ്ക്കാത്തതുകൊണ്ടു ലേലത്തിൽ പോയെന്നു വന്നേയ്ക്കും. രസീതു വാങ്ങിച്ചിരുന്നാൽ കരം കണക്കിൽ മുതൽ വയ്ക്കാത്തപക്ഷവും നമുക്കു തരക്കേടുവരുന്നതല്ല. രസീതു മേൽപറഞ്ഞ ശരിയായ ഫാറപ്രകാരവുമായിരിക്കണം.

വ. കരം ഒടുക്കു രസീതിൽ പകുതി മുദ്രയും പാർവ്വത്യകാരുടേയൊ അക്കൌണ്ടൻറിൻേറയൊ ഒപ്പും തീയതിയും രസീതു പുസ്തകത്തിൻെറ പേജ് നമ്പരും ഉണ്ടായിരിക്കും. പട്ടയ നമ്പരും സർവ്വെ നമ്പരും കരം മുതലായതും ശരിയായി അച്ചിട്ടുണ്ടോ എന്നു സ്ഥലത്തു വച്ചുതന്നെ പരിശോധിക്കണം. കൊടുത്തിട്ടുള്ള തുകയ്ക്കു

ത്തുക്കും രസീതു കിട്ടീട്ടുണ്ടോ എന്നും നോക്കിക്കൊള്ളണം. വല്ല വ്യത്യാസങ്ങളും കാണപ്പെട്ടാൽ ഉടൻ ശരിപ്പെടുത്തിക്കിട്ടാൻ പാർവ്വത്യകാരോടു ആവശ്യപ്പെടണം. പാർവ്വത്യകാർ നിങ്ങളുടെ പരാതിയെപ്പററി വിപരീതം പറയുന്നതായാൽ വിവരം കാണിച്ചു താലൂക്കിൽ ഹർജി ബോധിപ്പിക്കണം. എന്തെന്നാൽ ഇതു സംബന്ധിച്ചു പല പരാതികളും ഉണ്ടാകാറുണ്ട്. ചിലർ വല്ല വസ്തുക്കളുടേയും കരത്തിലുള്ള പിശകുകൾ സംഗതിവശാൽ അറിയുന്നതു കുറെക്കാലം കഴിഞ്ഞാണ്., ഇതൊക്കെ അപ്പോഴപ്പോൾ ശ്രദ്ധിപ്പാനുള്ളതാണെന്നു മനസ്സിലാക്കണം. അതിനാൽ കരം ഒടുക്കുവാൻ പകുതിക്കച്ചേരിയിൽ ചെല്ലുമ്പോൾ മുൻ രസീതുകൾ പട്ടയം മുതലായതു കൈവശം ഉണ്ടായിരിക്കണം. മുൻ തവണ കരം ഒടുക്കിയതിൽ പിന്നീടു കൂടുതലായി വല്ല വസ്തുക്കൾക്കും പ്രമാണം എഴുതിപ്പിടിച്ചിട്ടുള്ളപക്ഷം ആവക വസ്തുക്കളുടെ കരം കൂടി പതിച്ചു വാങ്ങുന്നതിനു ആ പ്രമാണങ്ങളും കൈവശം ഉണ്ടായിരിക്കണം. അതു ബോദ്ധ്യപ്പെടുത്തി അ[illegible]ല്ലാ കരം പതിച്ചു രസീതു വാങ്ങിച്ചുകൊള്ളണം.

൨൭. തവണ മാസങ്ങളെപ്പററി മുകളിൽ പത്താം വകുപ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. കന്നിപ്പൂ തവണ മാസങ്ങളാണ്, തുലാം, വൃശ്ചികം. കൊല്ലം ഡിവിഷനിൽ മാത്രം കന്നിപ്പൂ തവണ വൃശ്ചികം, ധനു മാസങ്ങളിലാണ്. കുംഭപ്പൂ തവണയാണ് മീനം മേടം മാസങ്ങൾ.

പുഞ്ചക്കരം ഇടവമാസത്തെ തവണയാണ്. കണ്ടുകൃഷി വസ്തുക്കളുടെ പാട്ടം പുഞ്ചയെ സംബന്ധിച്ചു മിച്ച

നാ ൧൦-ാനു-യാണ് തവണത്തീയതി. മററുള്ള തവണ കളെല്ലാം ൧൫-ാനു- കണക്കിനാണ് തുടങ്ങുന്നതു്.

൨൯. നിങ്ങളുടെ പട്ടയത്തിൽപെട്ടതിൽ ചില വസ്തുക്കൾ ഒററി കൊടുത്തു് ഒററിക്കാർ അല്ലെങ്കിൽ മററു തരത്തിലുള്ള അനുഭവക്കാർ കരം ഒടുക്കുന്നതിന്ന നിങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നുവരാം. എന്നാൽ അതിന്റെ ഉത്തരവാദിത്വവും —മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ പട്ടാദരനായ നിങ്ങൾക്കാണെന്നു ഓർമ്മവേണം. അതിനാൽ ഒററിക്കാർ മുതലായവരെക്കൊണ്ടു കരം തീർപ്പാൻ വ്യവസ്ഥ ചെയ്തുകൊടുത്തിട്ടുള്ള വസ്തുക്കളുടെ കരം അവർ ശരിയായി ഒടുക്കീട്ടുണ്ടോ എന്നു നോക്കിക്കൊള്ളണം. അല്ലെങ്കിൽ ആ വസ്തുക്കളുടെ കരക്കുടിശിഖ സംബന്ധിച്ചു വസ്തുക്കൾ ലേല നടപടിയിൽപെട്ടു് പോയെന്നു വരാം. അതുപോലെതന്നെ നിങ്ങളുടെ പക്കലും അന്യ പട്ടാദാരന്മാരുടെ വസ്തുക്കൾ ഒററിപ്പടിയുംമററും അനുഭവമുണ്ടായെന്നുവരാമല്ലോ. ആ വസ്തുക്കളുടെ കരവും. നിങ്ങൾ ഒടുക്കിത്തീർക്കേണ്ടതാണെന്നു അറിയേണ്ടതാണ്. അവയുടെ കരം കുടിശ്ശിഖയിട്ടാൽ ചിലപ്പോൾ ഒററിയുടേയും മററും വിവരം വെളിപ്പെടാതെ ലേലസന്നതു കൊടുത്തുപോകുവാനും തന്നിമിത്തം ദുർവ്യവഹാരങ്ങൾക്കും ഇടയുണ്ടായേക്കും.

൩൦. കരം വാങ്ങിക്കേണ്ടതിനെ സംബന്ധിച്ചു പകുതി ജീവനക്കാർക്കു കൊടുത്തിട്ടുള്ള ഉത്തരവിന്റെ ഒരു ഭാഗം കൂടി നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നതുകൊള്ളാം. അതു് ഇങ്ങനെയാണ്:

"പിരിവു പണം കഴിയുന്നെടത്തോളം പ്രവൃത്തിക്കച്ചേരിയിൽ വച്ചു വാങ്ങേണ്ടതാണ്. പണം ഒടുക്കിയതിനുള്ള രസീതുകൾ പ്രവൃത്തികാരെ‍ാ അക്കൌണ്ടന്റോ ഒപ്പിടേണ്ടതാകുന്നു."

"നികുതിത്തുക പട്ടാദാരന്മാരൊ അവരുടെ ബന്ധു മിത്രങ്ങളൊ അവൎക്കുവേണ്ടി പട്ടികവസ്തുവിനോടു സംബന്ധമുള്ള വേറെ ആളുകളൊ ഒടുക്കാമെന്നുള്ളതാണ്. എന്നാൽ ഗവണ്മെന്റു പട്ടാദാരനിൽ നിന്നാണ് കിസ്റ്റു കിട്ടുമെന്നു പ്രതീക്ഷിക്കുന്നതു്. അയാൾ കൊടുക്കാൻ തയാറാകുമ്പോൾ വേറൊരാളിൽ നിന്നു അതു സ്വീകരിക്കാൻ പാടുള്ളതല്ല. കരക്കുടിശിഖയായൊ തന്നാണ്ടത്തെ കരമായൊ ഭൂമിയുടമസ്ഥന്മാർ കൊടുത്ത തുകകളെ ആവശ്യമുള്ള വിവരങ്ങളോടുകൂടി നാൾവഴിയിൽ ഉടൻ എഴുതാനുള്ളതും സാക്ഷ്യമായി അതിൽ അക്കൌണ്ടന്റിന്റെ ഒപ്പു വയ്പാനുള്ളതുമാകുന്നു. സ്വീകരിച്ചിട്ടുള്ള തുകയ്ക്കു നിശ്ചിത ഫാറത്തിൽ രസീതു കൊടുക്കേണ്ടതാകുന്നു."

"പണം വാസ്തവത്തിൽ കൊടുക്കുന്നതിനുമുമ്പ് യാതൊരു രസീതും കൊടുക്കുവാൻ പാടില്ല. പട്ടാദാരൻ പണം കൊടുക്കുമെന്നു പ്രതീക്ഷിച്ചു രസീതു കൊടുത്തുവെന്നുള്ള സമാധാനം സ്വീകാര്യമല്ല".

മേൽപ്പറഞ്ഞ ഉത്തരവിലെ ഒടുവിലത്തെ വാചകം കൊണ്ടു് കരം കൊടുത്തു രസീതു കിട്ടിയില്ല എന്നു നിങ്ങൾ പരാതി പറയുന്നതായാൽ അതും ഗൗനിക്കത്തക്കതായിരിക്കുകയില്ലെന്നു മനസ്സിലാക്കണം.

൨൧. കരക്കുടിശിഖ നടപടിയിന്മേലുള്ള ലേലത്തെപ്പററി മുകളിൽ പറഞ്ഞുവല്ലൊ. കരം കൊടുത്തു തീൎത്ത വസ്തുവിനെ ചിലപ്പോൾ സംഗതിവശാൽ ലേലത്തിൽകൊണ്ടുവന്നുവെന്നു് വരാം. ചിലപ്പോൾ പട്ടാദാരന്മാരുടെ ബാക്കിക്കുവേണ്ടി ഒററിപ്പടി അനുഭവിച്ചു കരം തീൎത്തുവരുന്ന ഒററിവസ്തുവിനെ ജപ്തി ചെയ്തുവെന്നുവരാം. ചിലപ്പോൾ ഒററിക്കാരൻ അനുഭവം ഇട്ടിരിക്കുന്ന വിളവിനെ ജപ്തിചെയ്തുവെന്നുവരാം. ഈ മാതിരി കൃത്യങ്ങൾ

നടന്നിട്ടുള്ളതായി കാണപ്പെട്ടാൽ തഹശീൽദാരുടെ പക്കൽ ഹർജി ബോധിപ്പിക്കാം. അതിനെപ്പററി ഗൗനിച്ചിട്ടില്ലെന്നുവന്നാൽ അതിന്മേൽ പട്ടാദാരനൊ വസ്തുകൈവശക്കാറനൊ ആയ സങ്കടക്കാരന്നു ൩൦ ദിവസത്തിനകം ഡിവിഷൻ പേഷ്ക്കാരുടെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാം. എന്നാൽ പട്ടാദാരൻെറ തനതു കൈവശത്തിൽ വസ്തു അനുഭവം ഇല്ലെന്നുവന്നാൽ മേല്പറഞ്ഞ പ്രകാരവും നടപടി നടത്താതെ നിവൃത്തിയില്ല. അങ്ങിനെവന്നാൽ ആവക കരം ഒടുക്കിത്തീക്കയും ജന്മിയുടെ പേരിൽ സിവിൾ വ്യവഹാരം കൊടുത്തു ഈടാക്കുകയും ചെയ്യാം.

൩൨. ഒററിക്കാറന്മാരുടെ കൈവശം ഇരിപ്പുള്ള വസ്തു ലേലത്തിൽ വിൽക്കുന്നപക്ഷം ആ വക കരം ജന്മിയെക്കൊണ്ട് ഒടുക്കിത്തീപ്പാൻ നോക്കണം. അല്ലാത്ത പക്ഷം ഒററിക്കാറനാകട്ടെ ജന്മബാദ്ധ്യത ലേലത്തിൽ വിളികേൾക്കാൻ നോക്കാം.

൩൩. കരക്കുടിശിഖയ്ക്കായി ആണ്ടുതോറും വസ്തുക്കൾ ലേലത്തിൽ വിൽക്കുന്നുണ്ട്. പട്ടാദാരന്മാർ തൻെറ അയൽ വസ്തുക്കൾ വല്ലതും ലേലത്തിൽ പോകുന്നതായറിഞ്ഞാൽ നൽപ്പു തിൽപ്പു നോക്കി ലേലത്തിൽ ഏർപ്പെടാം. ലേലത്തിൽ ഏർപ്പെടുന്നതിനു മുമ്പു ഏതു വസ്തുവിൻെറ ഏതു ഭാഗമാണ് ലേലത്തിൽ വിൽക്കുന്നതെന്നും അതു തൻെറ വസ്തുവിനോടു എത്ര സൗകര്യത്തിലാണെന്നും വസ്തുവിൻെറ ഇനവും കരവും എന്താണെന്നും മററും ഗൗനിച്ചുകൊള്ളണം. പണ്ടാരപ്പാട്ടഇനമാണെങ്കിൽ പാട്ടംമുഴുവനും

മായിരിക്കും. അതായതു കൂടുതൽ കരം കൊണ്ടിരിക്കാം. കുടിജന്മം ഇനമാണെങ്കിൽ കരം കുറഞ്ഞിരിക്കും. അതായതു് പാട്ടത്തിൽ എട്ടിലൊന്നു്.

൩൪. കരക്കുടിശിഖ വസ്തു ലേലത്തിൽ വിളിക്കേൾക്കുന്നവർ ലേലത്തുകയിൽ നൂററിനു പതിനഞ്ചു വീതമുള്ള സംഖ്യ ഉടനെ ഡിപ്പാസിററു ചെയ്യേണ്ടതായിവരും. എന്നുതന്നെയല്ല ലേലത്തിയതി കണക്കാക്കാതെ ൩൦ ദിവസത്തിനകം ശേഷം തുക കൂടി താലൂക്കിൽ ഒടുക്കി ചെല്ലാൻ രസീതു വാങ്ങിച്ചുകൊള്ളണം. അങ്ങനെ ചെയ്യാത്തപക്ഷം ലേലം അനുവദിക്കുന്നതല്ലെന്നുമാത്രമല്ല നാം ഡിപ്പാസിററു വച്ചിട്ടുള്ള പണം നമുക്കു തിരികെ കിട്ടുന്നതുമല്ല. അതുപോലെ തന്നെ ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ സന്നതു വാങ്ങി രജിസ്റ്റാക്കി പോക്കുവരവു വരുത്തി പട്ടയം പിടിച്ചുകൊള്ളണം. ലേലത്തിൽ പിടിച്ചവസ്തു അനുഭവത്തിനു ഏതെങ്കിലും തടസ്ഥം നേരിടുന്നതായാൽ വസ്തു ഒഴിപ്പിച്ചു കിട്ടുന്നതിനു സന്നതു സഹിതം ഡിവിഷൻ പേഷ്ക്കാർക്കു അപേക്ഷ ബോധിപ്പിക്കണം. അതിലേയ്ക്കു അര രൂപാ സ്റ്റാമ്പു പതിച്ചു അപേക്ഷിക്കണം. ഈ കാൎയ്യത്തിൽ ഓരോ ലേലക്കാരനും ശ്രദ്ധിക്കാത്തപക്ഷം പല തകരാറുകളും വന്നുവെന്നു വരാം. സന്നതു കിട്ടിക്കഴിഞ്ഞാൽ സന്നതിൽ ദിവാൻ പേഷ്കാർ ഒപ്പിട്ടിരിക്കുന്ന തീയതി മുതൽ മൂന്നുമാസത്തിനകം രജിസ്റ്റാക്കാത്തപക്ഷം അതു സാധുവാണെന്നു വരുന്നതല്ല. സന്നതിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ എല്ലാം ശരിയാണോയെന്നു പ്രത്യേകം പരിശോധിച്ചുകൊള്ളണം. പിശകുണ്ടെങ്കിൽ ആയതു തിരുത്തികിട്ടാൻ അപേക്ഷിക്കണം.

ലേലത്തിൽ വിളിച്ചിട്ടുള്ള വസ്തുവിൻെറ സ്കെച്ചിനു പകർപ്പു എടുത്തു വച്ചുകൊള്ളണം. ലേലക്കാറൻെറ സ്വന്തം തണ്ടപ്പേരിൽ ഈ നമ്പരിനെക്കൂടി ചേർത്തു കരം തീർപ്പിക്കേണ്ടതിൻെറ കാര്യം പറയേണ്ടതില്ലല്ലൊ.

൩൭. കരക്കുടിശിഖയ്ക്കായി വസ്തു ലേലത്തിൽ വിൽപ്പിച്ചു സ്ഥിരപ്പെടുത്തിയ വിവരം നിങ്ങൾ അറിഞ്ഞില്ലെന്നൊ അതിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നൊ വരാം. അങ്ങനെയാണെങ്കിൽ ലേലം സ്ഥിരപ്പെടുത്തപ്പെട്ടതിന്മേൽ ലാൻറു റവന്യൂ കമ്മീഷണരുടെ അടുക്കൽ നിങ്ങൾക്കു റിവിഷൻ ബോധിപ്പിക്കാം. അതിലേക്കു ലേലം സ്ഥിരപ്പെടുത്തിയ ദിവാൻപേഷ്ക്കാരുടെ ഉത്തരവിനു പകർപ്പുവാങ്ങി ബോധിപ്പിക്കാം. അതിന്മേൽ സക്കാരും പ്രതികൂലിച്ചു ലേലം കഴിഞ്ഞാൽ ഒരുകൊല്ലത്തിനകമായി സിവിൾ കേസ്സും കൊടുക്കാം. സിവിൾ കേസ്സു കൊടുക്കുന്നതിനു മുമ്പായി ഗവണ്മെൻറിലേയ്ക്കു അതിൻെറ പ്രാരംഭമായി ഒരു സൂട്ടു നോട്ടീസ്സുകൂടി കൊടുക്കേണ്ടതുണ്ട്.

## പോക്കുവരവ്.

൩൮. കരംവക രസീതു കിട്ടുന്നതിൽ നിങ്ങൾ കരം തീർത്തിട്ടുള്ള വല്ല വസ്തുക്കളുടേയും പേരിൽ പതിവുകാരൻെറ പേരു് എഴുതിയിരിക്കുന്നതു് നിങ്ങളുടെ പേരു് അല്ലെന്നു കണ്ടേയ്ക്കാം. പട്ടയനമ്പരും വ്യത്യാസമായിരുന്നേയ്ക്കാം. അതുകൊണ്ടു് ആ വസ്തു നിങ്ങളുടെ പട്ടയത്തിൽ ഇല്ലെന്നു കരുതിക്കൊള്ളണം. ആ വസ്തു നിങ്ങൾ വില വാങ്ങിച്ചതൊ അല്ലെങ്കിൽ നിങ്ങളുടെ കാര

ണവൻെറ പേരിൽ തണ്ടപ്പേരുകൊണ്ട് കാരണവൻ കരം ത്ത്ുവന്നതൊ ആയിരിക്കാം. ഈ രണ്ടുതരത്തിലായാലും ഉടനെ പോക്കുവരവിന്ന അപേക്ഷിച്ച ആ വസ്തുറിനെ നിങ്ങളുടെ പട്ടയത്തിലും തണ്ടപ്പേരിലും ഉൾപ്പെടുത്തിച്ചുകൊള്ളണം.

൩൬. തറവാട്ടു ഭരണക്കാറനായ തണ്ടപ്പേരുകാറൻ മരിച്ചുപോയാൽ നിയമാനുസരണമായ അടുത്ത അവകാശിയുടെ പേരിൽ തണ്ടപ്പേരു മാറേണ്ട ജോലി പകുതിജീവനക്കാറെ ചേർന്നതാണെന്ന വരുകിലും എല്ലാം ശരിയായി ചെയ്യുമെന്നു വന്നുകൂടുന്നതല്ല. അങ്ങനെയുള്ള സംഗതികളിൽ നിങ്ങളുടെ പേരിൽ തണ്ടപ്പേരു മാറുന്നതിന്ന പോക്കുവരവു ചെയ്തു കിട്ടണമെന്ന നിങ്ങൾ താലൂക്കിൽ ഒരപേക്ഷ കൊടുക്കണം. അതു ഇങ്ങനെ വേണം:

### ഹർജി.

൦മതു നമ്പർ തണ്ടപ്പേരുകാറനായ എൻെറ (കാരണവനൊ ജ്യേഷ്ഠനൊ) മരിച്ചുപോയതിനാൽ ടി തണ്ടപ്പേരിനെ അടുത്തയവകാശിയായ എൻെറപേരിൽ പോക്കുവരവു ചെയ്തു തണ്ടപ്പേരു പിടിച്ചു കരം തീർപ്പിക്കുന്നതിന്ന തീർച്ചചെയ്തു തരുവാറാകണം.

ആണ്ടു, മാസം, തിയതി. (ഒപ്പു)

൩൭. നിങ്ങൾ വില വാങ്ങിച്ചിട്ടുള്ള വസ്തുക്കളുടെ പോക്കുവരവു കാര്യത്തിലും നിങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. വിലവാങ്ങി പ്രമാണം ചെയ്യുമ്പോൾ തന്നെ പോക്കുവരവു ഫാറം കൂടി നിങ്ങൾ എഴുതിക്കൊടുക്കാറുണ്ടല്ലൊ. പോക്കുവരവിനായി ആ ഫാറങ്ങൾ താലൂക്കിലേക്കയച്ചു കൊടുക്കും. താലൂക്കിൽ വന്നാൽ ഒരു മാസ

ത്തിനകം കേസ്സു തീച്ച്ചെയ്യാനെ ഉള്ളൂ. വലിയ ഭാഗപത്രമൊ സബ്ഡിവിഷൻ ചെയ്യേണ്ടതൊ ഉണ്ടെങ്കിൽ കുറെ താമസിച്ചുവെന്നുവരാം. അതിനാൽ വിലവാങ്ങിച്ചിട്ടുള്ള വസ്തുക്കളുടെ പോക്കുവരവു സംബന്ധിച്ചു പകുതി മുഖേന വേണ്ട കാര്യങ്ങൾ അന്വേഷിച്ചുകൊള്ളണം.

൯൯. യാതൊരു കാരണവശാലും പോക്കുവരവ് നിഷേധിക്കരുതെന്നാണ് നിയമം. വല്ല കാരണവശാലും പോക്കുവരവ് നിഷേധിക്കുന്നപക്ഷം വിവരം കാണിച്ചു നിങ്ങൾക്കു നോട്ടീസ്സു കിട്ടും. നോട്ടീസ്സു കിട്ടിയാൽ തീച്ചക്കു പകർപ്പു വാങ്ങി ഒരു മാസത്തിനകം ഡിവിഷൻ സമക്ഷത്തു അപ്പീൽ ബോധിപ്പിച്ചുകൊള്ളണം.

൪൦. നായർ റഗുലേഷൻപ്രകാരം ആളോഹരി ഭാഗം നടപ്പായതിൽ പിന്നീടു വളരെ ഭാഗപത്രങ്ങൾ ഉണ്ടായിട്ടുണ്ടു്. എല്ലാ അംഗങ്ങളും ചേന്നിട്ടില്ലെന്നുള്ള കാരണത്താൽ ആവക മിക്ക കേസുകളും തള്ളിക്കളഞ്ഞിട്ടുണ്ടു്. എന്നാൽ ആ കാരണത്താൽ പോക്കുവരവു നിഷേധിപ്പാൻപാടില്ലെന്നും തള്ളിപ്പോയിട്ടുള്ള കേസുകളൊക്കെ വീണ്ടും ഫൈൽ ചെയ്തു തീച്ചചെയ്യണമെന്നും ഗവണ്മെൻറു ആർഡർ ഉണ്ടായിട്ടുണ്ടു്. എന്നാൽ പട്ടാദാരന്മാർ അതു അത്രകണ്ടു ഗൗനിച്ചിട്ടില്ല. അതിനാൽ ആളോഹരി ഭാഗവും മററും ഉണ്ടായിട്ടുണ്ടെങ്കിലും പഴേ തണ്ടപ്പേരിൽതന്നെ വസ്തു ഒന്നാകം കിടക്കുകയാണ്. അതു ശരിപ്പെടുത്തി പോക്കുവരവു ചെയ്യിച്ചു പ്രത്യേകം പ്രത്യേകം തണ്ടപ്പേരു പിടിച്ചു കരം പ്രത്യേകം പ്രത്യേ

കം വാങ്ങേണ്ടതു ഓരോരുത്തരുടേയും ചുമതലയാണ്. അതനുസരിച്ചു പട്ടയവും വാങ്ങിച്ചുകൊള്ളണം. അല്ലെങ്കിൽ വരാൻപോകുന്ന കണ്ടെഴുത്തിൽ പട്ടയം കിട്ടുന്നതിനും മററും കുഴപ്പവും തകരാറും ഉണ്ടായെന്നുവരും.

൪൭. ഇതുകൂടാതെ മുമ്പു നിങ്ങൾ വില വാങ്ങി അനുഭവിച്ചുവരുന്ന ചില വസ്തുക്കളെ സംബന്ധിച്ചും പോക്കുവരവു ചെയ്യാതെ മുൻ തണ്ടപ്പേരിൽ കരം തീർത്തു വരുന്നുണ്ടോയെന്നു നോക്കി ഉണ്ടെങ്കിൽ ആവക വില പ്രമാണങ്ങൾക്കു പകർപ്പെഴുതിച്ചേർത്തു പോക്കുവരവിനു അപേക്ഷിച്ചുകൊള്ളണം.

൪൮. ഇതിന്മണ്ണം പോക്കുവരവു ചെയ്യപ്പെടുന്ന വസ്തുക്കളുടെ കരം കൂടി നിങ്ങളുടെ തണ്ടപ്പേരിൽ കൂട്ടി തീർത്തിട്ടുണ്ടോയെന്നു അടുത്തപ്രാവശ്യം കരം ഒടുക്കാൻ ചെല്ലുമ്പോൾ ഗൗനിച്ചുകൊള്ളണം. പോക്കുവരവനുവദിച്ചു കഴിഞ്ഞാൽ ആ വസ്തുവിൻെറ പട്ടയം വാങ്ങിച്ചുകൊള്ളണമെന്നു പറഞ്ഞുവല്ലോ. അതിനു ഒരപേക്ഷ കൊടുക്കണം. പട്ടയഫാറത്തിനു—പോക്കുവരവു പട്ടയത്തിനു മാത്രം ഒരുചക്രം വില കൊടുക്കണം.

൪൯. നിങ്ങൾ വസ്തു എഴുതിവാങ്ങുന്നതിൽ പ്രത്യേകം ഗൗനിക്കേണ്ട ചില സംഗതികൾ ഉണ്ട്. ഒന്നാമതു ആരോടുകൂടി വസ്തു വിലവാങ്ങുന്നുവോ അയാൾക്കു വസ്തു അനുഭവവും, കരത്തീരുവയും, തണ്ടപ്പേരും, പട്ടയവും ഉണ്ടോയെന്നു നിശ്ചയം വരുത്തണം. പട്ടയമൊ തണ്ടപ്പേരൊ കൊണ്ടിട്ടില്ലാത്തപക്ഷം മുൻപ്രമാണങ്ങൾ ശരിയായി കൈമാററം ചെയ്തു വാങ്ങണം. ലക്കം, സർവ്വേ

നമ്പ്ര, എൽക മുതലായതു ശരിയാണൊയെന്നു നല്ല പോലെ നിശ്ചയം വരുത്തണം. ഇതിനും പുറമെ സൎവ്വെ പ്ളാനിന്റെ പകർപ്പുവാങ്ങി ഉദ്ദേശിക്കുന്ന വസ്തുവിന്റെ കിടപ്പു മുതലായതു നോക്കി സ്ഥലനിർണ്ണയവും വരുത്തി കൊള്ളണം. വസ്തു ഉദ്ദേക്രുരോ കൂട്ടുപട്ടയമൊ ആയിരുന്നാലും എഴുതിവാങ്ങുന്ന ഏരിയ ഇത്രയെന്നു ക്ലിപ്തപ്പെടുത്തി പ്രമാണത്തിൽ പറഞ്ഞുകൊള്ളണം. അല്ലാത്ത പക്ഷം പോക്കുവരവു ചെയ്യുന്നതല്ല. ഒരു സർവ്വെനമ്പരല്ലാതെ ഏതാനും ഭാഗം അതിരു തിരിച്ചു വാങ്ങിക്കുന്ന സംഗതിയിൽ അത്രയും സ്ഥലം സർവ്വെ ചെയ്തു തിരിച്ചു കല്ലു സ്ഥാപിക്കുന്നതിനു അപേക്ഷിച്ചുകൊള്ളണം. അതിനെപ്പററി പിന്നാലെ കൂടുതൽ വിവരം പറയപ്പെടുന്നതാണ്.

## പുറമ്പോക്കും പതിവും.

൪൪. നിങ്ങളുടെ കൈവശമിരിക്കുന്ന വസ്തുക്കളുടെ സർവെ അതിരു നിശ്ചയമുണ്ടായിരിക്കണം. അതിലേക്കു നിങ്ങളുടെ വസ്തുക്കളുടേയും അയൽ വസ്തുക്കളുടേയും സൎവെ പ്ളാനിന്റെ പകർപ്പു വാങ്ങി വച്ചുകൊള്ളണം. അയൽ വസ്തുക്കളുടെ വിവരം കൂടി നിങ്ങൾക്കറിയണം. അതിൽ വല്ല പുറമ്പോക്കും കണ്ടുവെന്നു വരാം. അതു സൎക്കാരിലേക്കൊ പബ്ളിക്കിനൊ ഉപയോഗമില്ലാത്തതും നിങ്ങളുടെ പതിവു വസ്തുവോടു തൊടുകിടക്കുന്നതുമായിരിക്കാം. ആ സ്ഥലം ചട്ടപ്രകാരം നിങ്ങൾക്കു പതിച്ചു വാങ്ങിക്കാം അതിലേക്കു നിങ്ങൾ ഒരപേക്ഷ

കൊടുക്കണം. അതിൽ അര ത്രുപയുടെ കോർട്ടുഫീസു സ്റ്റാമ്പു പതിച്ചിരിക്കണം. ആ അപേക്ഷ താഴെപ്പറയുന്ന ഫാറപ്രകാരമായിരിക്കണം.

### ഏ. ഫാറം.

ഭൂമി പതിക്കുന്നതിനുള്ള അപേക്ഷ

താലൂക്ക് | പകുതി

൧. അപേക്ഷകന്റെ പൂർണ്ണമായ പേരും മേൽവിലാസവും

൨. അപേക്ഷകൻ മഹാരാജാവു തിരുമനസ്സിലെ പ്രജയാണൊ എന്നു

൩. സർവെ നംബർ

൪. അതൃത്തികൾ

൫. വിസ്തീർണ്ണം

൬. ഭൂമിയുടെ സ്വഭാവം (പുറമ്പോക്കൊ തരിശൊ കാട്ടുതരിശൊ)

൭. റിമാർക്ക്

തീയതി

ഈ അപേക്ഷ ഫാറത്തിന്റെ കൂടി അപേക്ഷസ്ഥലത്തിന്റെ സ്കെച്ചുകൂടി ചേർത്തിരിക്കണം.

നിങ്ങളുടെ പാസ്സുവാട്ടു ചേർന്ന നിങ്ങളുടെ മേഹണ്ഡത്തിലും മററും ഉൾപ്പെട്ടു അനുഭവിച്ചുവരുന്ന സർക്കാർ ഭൂമികളെ ചിലപ്പോൾ അന്യ ആളുകൾ പതിച്ചുകിട്ടുന്നതിനു അപേക്ഷിച്ചു നടപടി നടത്തിയെന്നുവരാം. അതിനാൽ അങ്ങനെയുള്ള സ്ഥലങ്ങൾ പതിച്ചു കിട്ടുന്നതിനു കാലേക്രൂട്ടി അപേക്ഷിക്കണം. അന്യരുടെ അപേക്ഷാനുസരണം പുതുവൽ നടപടി നടത്തപ്പെടുമ്പോഴും അയൽവസ്തു ഉടമസ്ഥനെന്നുള്ള നിലയിൽ നിങ്ങൾക്കു നോട്ടീസു കിട്ടും. അപ്പോഴും നിങ്ങൾക്കു അതിനെപ്പററി വാദിപ്പാനും അപേക്ഷിപ്പാനും തരമുണ്ടു്. ചിലപ്പോൾ അപേക്ഷ സ്ഥലം നിങ്ങളുടെ മുൻ പതിവിൽ ഉൾപ്പെ

ട്ടതും സെററിൽമെൻറിൽ പുറമ്പോക്കാക്കീട്ടുള്ള വിവരം നിങ്ങൾക്കു അറിവില്ലാത്തതുമായിരിക്കും. അങ്ങിനെയായിരുന്നാൽ അതിലേയ്ക്കു മുൻ പതിവിൻെറ ഒഴുകിന്റ പകർപ്പു വാങ്ങി ഹാജരാക്കി വാദിക്കണം. നിങ്ങൾക്കു ദോഷമായി തീർച്ച്യുണ്ടാകുന്നപക്ഷം തീർച്ച്യുടെ പകർപ്പു വാങ്ങി അപ്പീൽ ബോധിപ്പിക്കണം. ആയതു തീർച്ച് കഴിഞ്ഞു രണ്ടുമാസത്തിനകം വേണം.

൪൭. സർക്കാരിലേക്കൊ പബ്ളിക്കിനൊ ഉപയോഗമുള്ള തോട്ട്, റോഡ്, വഴി, കുളം മുതലായ പുറമ്പോക്കുഭൂമികളിൽ നിവൃത്തിയുള്ളിടത്തോളം പ്രവേശിക്കരുത്. അത്തരം പ്രവേശനം ആക്ഷേപാർഹമായതും ശിക്ഷിക്കത്തക്കതുമാണ്. അങ്ങനെയുള്ള പ്രവേശനങ്ങൾക്കു കേസെടുത്തു ഇരുന്നൂറു രൂപാ വരെ പിഴ നിശ്ചയിക്കാം. എന്നാൽ ചിലപ്പോൾ നിങ്ങളുടെ പതിവുഭൂമിയിൽ ഏതാനും ഭാഗം കൂടി പുറമ്പോക്കിൽ ചേർത്തുവെന്നു വരാം. അതിലേക്കു മുകളിൽ പറഞ്ഞ മാതിരി ഒഴുകു പകർപ്പു വാങ്ങി നിശ്ചയം വരുത്തി വാദിക്കാം. പുറമ്പോക്കു കേസിലെ തീർച്ച് അനുസരിച്ചു പിഴ നിരോധനകരം ടി കുടിശിഖ മുതലായ വകകളിൽ നിങ്ങൾ സർക്കാരിലേയ്ക്കു തുക അടയ്ക്കേണ്ടതായി വരും. അതും കരക്കുടിശിഖപോലെ ഈടാക്കപ്പെടും. ന്യായമായ പരാതിയുള്ളപക്ഷം തീർച്ചക്കു പകർപ്പു വാങ്ങി രണ്ടു മാസത്തിനകം ഡിവിഷൻപേഷ്ക്കാർ സമക്ഷം അപ്പീൽ ബോധിപ്പിക്കാം. മുകളിൽ ൧൩-ാമതു വകുപ്പിൽ പറഞ്ഞിട്ടുള്ള 'നിരോധനക്കരം പതിച്ചുതരാൻ പാടില്ലാത്ത

പുറമ്പോക്കു ഭൂമികളിൽ പ്രവേശിച്ചു കൈവശം വെച്ചിരിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള 'പ്രൊഹിബിറററി അസസ്സ്മെൻറാ'ണ്. ഇതു് സാധരണ കരത്തിൻെറ അഞ്ചിരട്ടിവരെ ചമത്താം. അനുഭവിച്ച കാലം കണക്കാക്കി അഞ്ചാണ്ടിൽ കവിയാതെ കുടിശ്ശിഖയും ഈടാക്കാം. പ്രവേശനം ഒഴിയുന്നതോടുകൂടി ഈവക കരം കുറവു ചെയ്യാവുന്നതുകൊണ്ടു് പ്രവേശനം ഒഴിഞ്ഞാൽ ആ വിവരം ഉടനെ താലൂക്കിൽ അറിവു കൊടുക്കണം. അതോടുകൂടി പ്രവേശനം ഒഴിയുന്ന സ്ഥലത്തുള്ള അനുഭവവൃക്ഷങ്ങൾ നിങ്ങൾക്കു സ്ഥിരപാട്ടം വാങ്ങിക്കാം. അനുഭവം കഴ വൃക്ഷമാണെങ്കിൽ പാട്ടം കൊടുക്കേണ്ടതില്ല. പ്രവേശനം ഒഴിഞ്ഞിട്ടുള്ള സ്ഥലത്തുള്ള വൃക്ഷങ്ങൾ സ്ഥിര പാട്ടം കിട്ടുന്നതിനു നിങ്ങൾ അപേക്ഷിക്കാത്തപക്ഷം ചിലപ്പോൾ ലേലം ചെയ്തു കൂടുതൽ തുകക്കു കാലാവധിവച്ചു കുത്തകപ്പാട്ടം കൊടുത്തു എന്നു വന്നേയ്ക്കും. അതു് കൂടുതൽ തുകയ്ക്കു വേറെ ആളുകൾ പിടിക്കുവാനും നിങ്ങൾക്കു അനുഭവ നഷ്ടം വന്നേക്കുവാനും എളുപ്പമുണ്ടു്. അതിനു ഇടകൂടാതെ പ്രവേശനം ഒഴിയുമ്പോൾ പ്രവേശനം ഒഴിഞ്ഞിരിക്കുന്നതായി പാർവ്വത്യകാരുടെ പക്കൽ സ്കെച്ചിൽ ഒപ്പിട്ടു കൊടുക്കുന്നതോടുകൂടി താഴെ പറയുന്നപ്രകാരം ഒരു അപേക്ഷ എഴുതി താലൂക്കിൽ ബോധിപ്പിക്കണം.

ഹർജി.

ഈ സമക്ഷത്തു ാംമാണ്ടു നമ്പർ പുറമ്പോക്കു കേസ്സിലെക്കു ഹേതുവായ പകുതിയിൽ സർവ്വെ നമ്പർ പുറമ്പോക്കിലെ പ്രവേശനം ഞാൻ ഒഴിഞ്ഞിരിക്കുന്നു. അതിനാൽ എന്നിൽ നിന്നും ഈടാക്കിവരുന്ന നിരോധനക്കരം കുറവുചെയ്തു ടി

പുറമ്പോക്കിൽ നില്പുള്ള വൃക്ഷങ്ങൾ ഞാൻ ദേഹണ്ഡിച്ചിട്ടുള്ളതാക യാൽ എൻെറ പേക്കു സ്ഥിരപ്പാട്ടം തരുവാറാകണം.

ആണ്ടു മാസം തിയതി (ഒപ്പു)

സ്ഥിരപ്പാട്ടം തരുന്ന വൃക്ഷങ്ങളുടെ പാട്ടത്തിൻെറ റേററ ആണ്ടോ ന്നുക്കു്.

| | |
|---|---|
| പുളിക്കു് | ൨ രൂപാ |
| തെങ്ങിനു് | ൧ ചക്രം |
| പ്ലാവിനു് | ൧ ചക്രം |
| മാവിനു് | ൧ ചക്രം |
| കമുകിനു് | ८ ചക്രം |
| പനയ്ക്കു് | ८ ചക്രം |

ഇപ്രകാരമാകുന്നു.

## പുറമ്പോക്കു ഭൂമി സംരക്ഷണം.

൪൬. ഇതിലേക്കു പ്രത്യേകം ചട്ടമുണ്ടു്. പുറമ്പോക്കു ഭൂമി സംരക്ഷണ നടപടിക്കു താലൂക്കിലേക്കു റവന്യൂ സൂപ്രവൈസ്സരും അദ്ദേഹത്തിൻെറ കീഴിൽ ഏതാനും അക്കൌണ്ടൻറന്മാരുമുണ്ടു്. സക്കാരും പതിവും ഭൂമികളുടെ അതിത്തികൾക്കു കേടുവരാതെ സംരക്ഷിച്ചും അതിത്തി കല്ലുകൾ സ്ഥാപിച്ചും വേണ്ട നടപടികൾ നടത്തുന്നതാണു് അവരുടെ ജോലി. അതനുസരിച്ചു പുറമ്പോക്കു ഭൂമികൾ സർവെ ചെയ്യുമ്പോൾ നിങ്ങളുടെ പതിവു വസ്തുവെന്നു വിചാരിച്ചു അനുഭവിച്ചുവരുന്ന ചില ഭാഗങ്ങൾ പുറമ്പോക്കിൽ കൊണ്ടതാണെന്നു കണ്ടേക്കാം. അതിനാൽ പുറമ്പോക്കു സർവെ ചെയ്യുന്ന നടപടിയിൽ അയൽ വസ്തു ഉള്ള പക്ഷം നിങ്ങൾ പ്രത്യേകം ഗൗനിക്കേണ്ടതുണ്ടു്. ൧൦൧൧-ാമാണ്ടത്തെ ഒഴുക കണക്കുംപടി

നിങ്ങളുടെ വകകായി അനുഭവിച്ചുവരുന്ന ചില ഭാഗങ്ങൾ കഴിഞ്ഞ സെററിൽമെൻറിൽ പുറമ്പോക്കായി കൊള്ളിച്ചുപോയെന്നും അതു നിങ്ങൾ അറിഞ്ഞിട്ടില്ലെന്നും വന്നേക്കാം. അതിനെപ്പററിയും മററും എൽ. ആർ. എം. ജോലിക്കാരോടു വാദിക്കുകയും തെളിവിലേക്കു ഒഴുക്കു പകർപ്പുകൾ മുതലായതു ഹാജരാക്കുകയും ചെയ്യാം

൪. പുറമ്പോക്കു ഭൂമി സർവെ ചെയ്യുമ്പോൾ അയൽ വസ്തു ഉടമസ്ഥനായ നിങ്ങൾക്കു ഡിപ്പാർട്ടുമെൻറൽ ൧൨-ാം നമ്പ്ര ഫാറപ്രകാരം ഒരു നോട്ടീസ്സു കിട്ടുന്നതാണ് അതിൽ താഴെ പറയുംപ്രകാരം പറഞ്ഞിട്ടുണ്ട്.

"നിങ്ങളുടെ തണ്ടപ്പേരു കണക്കിൽ ഉൾപ്പെട്ടിരിക്കുന്ന—സർവെ നമ്പരുകളോടു ചേർന്നു കിടക്കുന്ന—പുറമ്പോക്കു നമ്പരുകളെ ഈ നോട്ടീസു കൈപ്പുറവന്ന തിയതിമുതൽ ൧൫ ദിവസത്തിനു ശേഷം സർവെക്കായി എടുക്കുന്നതാണെന്നു് നിങ്ങളെ ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു".

"സർവെ സമയത്തു നിങ്ങൾ ഹാജരായിരിക്കണമെന്നും ആവശ്യപ്പെടുമ്പോൾ എല്ലാം കുററിക്കാടുകൾ വെട്ടിത്തെളിച്ചു സഹായം ചെയ്യണമെന്നും നിങ്ങളോടു ആവശ്യപ്പെട്ടുകൊള്ളുന്നു".

"അതിൽ നിങ്ങൾ വീഴ്ചവരുത്തുന്നതായാൽ ഗവർമെൻറിൽ നിന്നും ആ വേലനടത്തിച്ചു അതിലേക്കുള്ള ചിലവു കരക്കുടിശിഖ എന്നപോലെ നിങ്ങളിൽ നിന്നും ഈടാക്കുന്നതാണ്".

"കൂടുതൽ വിവരങ്ങൾക്കു താഴെ ഒപ്പിട്ടിരിക്കുന്ന ആളിന്റെ അടുക്കൽ അപേക്ഷിക്കേണ്ടതും അയാൾ ഇതുസംബന്ധിച്ചു ന്യായമായ എല്ലാസഹായവും ചെയ്യുന്നതുമാണ്"

(ഒപ്പ്)

അമീൻ.

൪൭. ഈ നോട്ടീസു അനുസരിച്ചു നടപടി നടത്തി പുറമ്പോക്കുഭൂമി സർവ്വെ ചെയ്തുതീർന്നാൽ ആ വിവരത്തിനു ഡിപ്പാർട്ടുമെൻറൽ ൧൪-ാം നമ്പർ ഫാറത്തിൽ നിങ്ങൾക്കു പിന്നീട്ടും ഒരു നോട്ടീസു കിട്ടുന്നതാണു്. അതിൽ പുറമ്പോക്കു ഭൂമി സർവെ ചെയ്തിരിക്കുന്നു എന്നും വിവരം -ാന്ദ-യിലെ ഗവണ്മെൻറു ഗസററിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു എന്നും പറഞ്ഞിരിക്കും. അതോടുകൂടി നിങ്ങൾ പുറമ്പോക്കിൽ ആക്രമിച്ചിട്ടുള്ള പക്ഷം അതിലേക്കു നിങ്ങളുടെപേരിൽ നടപടി എടുത്തിരിക്കുന്നു എന്നും തെര്യപ്പെടുത്തിയിരിക്കും. ആക്രമത്തിൻെറവകക്കു നടപടിക്കു പ്രത്യേകം നോട്ടീസുകിട്ടും. പുറമ്പോക്കു കേസു നടപടിയെപ്പററി മുകളിലത്തെ പാരാവിൽ പറഞ്ഞിട്ടുണ്ടല്ലൊ.

൪൮. മുകളിൽ പറഞ്ഞിട്ടുള്ള ൧൪-ാം നമ്പർ നോട്ടീസിൽ അതിർത്തി തിരിക്കുന്നതു സംബന്ധിച്ചു നിങ്ങൾക്കു വല്ല പരാതിക്കും കാരണമുണ്ടെങ്കിൽ ഗസററിൽ പരസ്യം പ്രസിദ്ധീകരിച്ചിട്ടുള്ള തിയതി മുതൽ മൂന്നുമാസത്തിനകം അതിനെപ്പററിയുള്ള അപ്പീൽ ബോധിപ്പിച്ചുകൊള്ളണമെന്നു പറഞ്ഞിട്ടുണ്ടു്. അതു സർവെ അളവുകൾ അനുസരിച്ചു ശരിയായി സർവെ ചെയ്തിട്ടില്ലെന്നുള്ള പരാതിയാണെങ്കിൽ റവന്യൂ സൂപ്രവൈസറുടെ നടപടിയിന്മേൽ താലൂക്കു തഹശീൽദാരുടെ പക്കൽ അപ്പീൽ ബോധിപ്പിക്കണം. ഇപ്പോൾ പുറമ്പോക്കായി ഗണിക്കപ്പെട്ടിട്ടുള്ള സ്ഥലം ഒഴുകു കണക്കുപ്രകാരമുള്ളതു വാദമാണെങ്കിൽ ദിവാൻ പേഷ്കാരുടെ അടുക്കൽ അപ്പീൽ ബോധിപ്പിക്കണം.

൫൦. ഈ അളവു സംബന്ധിച്ചു ആവശ്യമുള്ള പ്ലാൻ മുതലായ റിക്കാർഡുകളുടെ പകർപ്പുകൾ താലൂ

ക്കിൽ അപേക്ഷിച്ചു വാങ്ങാവുന്നതാണ്. ഇതിന്മണ്ണം അപ്പീൽ ബോധിപ്പിച്ചു ശരിപ്പെടുത്താതെ മൌനം ദീക്ഷിച്ചാൽ പുറമ്പോക്കാക്രമണത്തിനു കേസ്സെടുത്തു നടപടി നടത്തുമ്പോൾ നിങ്ങൾ ബോധിപ്പിക്കുന്ന ന്യായങ്ങൾ സ്വീകാരയോഗ്യങ്ങളല്ലെന്നു നിഷേധിക്കുന്നതാണ്. ഇതിന്മണ്ണം നടപടി നടത്താതെ പുറമ്പോക്കു കേസെടുക്കുന്നതായാൽ നിങ്ങൾക്കും ഈ വാദം പുറപ്പെടുവിക്കാം.

൧൪. പുറമ്പോക്കു അതിത്തി തിരിക്കലിനെ സംബന്ധിച്ചു ൧൨-ം നമ്പ്ര ഫാറപ്രകാരം നിങ്ങൾക്കു നോട്ടീസു കിട്ടിയാൽ നിങ്ങൾ നിങ്ങളുടെ പുറമ്പോക്കയൽ വസ്തു സംബന്ധിച്ചു വേണ്ടതു ചെയ്യാഞ്ഞാൽ നിങ്ങളുടെ അയൽ വസ്തുവിൻെറ അതിത്തിയിൽ ഇടേണ്ട കല്ലുകൾ സക്കാരിൽ നിന്നും സ്ഥാപിക്കുന്നതും അതിലേയ്ക്കു കല്ലുവില കൂലിച്ചിലവു മുതലായ ഇനങ്ങളിലുള്ള തുകകൾ നിങ്ങളുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണ്.

൧൫. ഇതുകൂടാതെ നിങ്ങളുടെ വസ്തുക്കളുടെ അതിത്തികളെപ്പററി അറിയുന്നതു സക്കാരിൽ നിന്നും അതാതു അതിത്തികളിൽ സ്ഥാപിച്ചിട്ടുള്ള കല്ലുകളെ അടിസ്ഥാനപ്പെടുത്തിയാണെല്ലൊ. വല്ല അതിത്തികളിലും ആവക കല്ലുകൾ കാണാതെയായാൽ അതിത്തി കാണിച്ചുതന്നു കല്ലു സ്ഥാപിക്കുന്നതിനു താലൂക്കിൽ അപേക്ഷിക്കണം. ചിലപ്പോൾ അയൽവസ്തു ഉടമസ്ഥന്മാരുമായി അതിത്തിത്തക്കം ഉണ്ടായെന്നു വരാമെല്ലൊ. അപ്പോഴും വഴക്കിനിടം കൊടുക്കാതെ അതിത്തി നിർണ്ണയപ്പെടുത്തിത്തരത്തക്കവണ്ണം താലൂക്കിൽ അപേക്ഷിക്കണം. അപേക്ഷഫാറം താഴെ ചേർത്തിരിക്കുന്നു.

## വസ്തു അളന്നു കിട്ടുന്നതിനുള്ള അപേക്ഷ.

൧. പകുതി
൨. സൎവെ നമ്പർ സബ്ഡിവിഷൻ നമ്പർ
൩. ഏസ്സും ഏക്കർ സെൻറു
൪. പട്ടാദാരൻെറ പേരു്
൫. അപേക്ഷകൻെറ പേരും മേൽവിലാസവും
൬. അപേക്ഷക്കാരനു് വസ്തുവിന്മേലുള്ള അവകാശം (ഈ അപേക്ഷക്കു് കോർട്ടുഫീസ്സ് അരരൂപ സ്റ്റാമ്പു പതിച്ചിരിക്കണം)

൪൩. ഈ അപേക്ഷപ്രകാരം നടപടിക്കു സൎക്കാരിൽ ഫീസ്സ ഒടുക്കേണ്ടതുണ്ടു. അതിലേക്കു അപേക്ഷകനു് നോട്ടീസു കിട്ടുന്നതാണു്. നോട്ടീസു കിട്ടിയാൽ അതിനുണ്ണം താലൂക്കിൽചെന്നു ചെല്ലാൻ അപേക്ഷിക്കണം ഫീസ്സിൻെറ വിവരം താഴെ ചേൎത്തിരിക്കുന്നു.

൧. സൎവെ ചെയ്യാനുള്ള സ്ഥലം ഒരു ഏക്കറൊ അതിൽ കുറവൊ ആയിരുന്നാൽ ൧രൂപാ ൧൪ ചക്രം.
൨. സൎവെ ചെയ്യാനുള്ളസ്ഥലം ഒരു ഏക്കറിൽ കൂടുതലായിരുന്നാൽ ആദ്യത്തെ ഏക്കറിനു് ൧രൂപം ൧൪ ചക്രവും കൂടുതലുള്ള ഓരൊ ഏക്കറിനൊ അതിൻെറ അംശത്തിനൊ ഓരൊ രൂപം വീതവും—

൪൪. ഒരുഫം൯ നമ്പരല്ലാതെ ആ നമ്പരിൻെറ ഒരംശം അദുകതിരിച്ചു നാം പ്രമാണം എഴുതിപ്പിക്കുമ്പോൾ പോക്കുവരവു തീൎച്ചയനുസരിച്ചു സ്ഥലം സബ്ഡിവിഷൻ ചെയ്തു ശരിപ്പെടുത്തേണ്ടതിനെപ്പററി പിന്നാലെ കൂടുതൽ വിവരം പറയാമെന്നു ൪൩-ാമതു വകുപ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ ഇതിലേക്കും മേൽപറഞ്ഞ പ്രകാരം അപേക്ഷിക്കാം. പോക്കുവരവു കേസ്സിൻെറ നമ്പർ കൂടി പറഞ്ഞു അപേക്ഷിക്കുന്നതു സൌകൎയ്യമാണു് അതിനും അരരൂപാസ്റ്റാമ്പു പതിച്ചിരിക്കണം. ഫീസ്സ് ഒടുക്കുന്നതു മുകളിൽ പറഞ്ഞതുപോലെ തന്നെ. എന്നാൽ

സബ്ഡിവിഷൻ ഏതുപൂർണ്ണ സർവ്വെ നമ്പരിൽ ഉൾപ്പെട്ടതൊ ആ നമ്പരിന്റെ മൊത്തം ഏസ്സ്മെൻറ് ഫീസ്സ് ഒടുക്കണം. മുൻ ജന്മി അനുഭവിച്ചുകൈ മറിഞ്ഞു വിലവാങ്ങി അനുഭവിക്കുന്ന സംഗതികളിൽ ആ സബ്ഡിവിഷന്റെ ഏസ്സ്മെൻറ് മാത്രം ഫീസ്സടച്ചാൽ മതി.

൩൩. ഈ സബ്ഡിവിഷൻ നടപടി സംബന്ധിച്ചും സംബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നോട്ടീസ്സ കൊടുക്കുന്നതാണ്. അതായത് സബ്ഡിവിഷൻ ചെയ്യുവാൻ പോകുന്ന വിവരത്തിനു ഡിപ്പാർട്ടുമെൻറുവക ൫൭-ാം നമ്പർ ഫാറപ്രകാരവും സബ്ഡിവിഷൻ ചെയ്തുതീർന്ന വിവരത്തിനു ൫൯-ാം നമ്പർ ഫാറപ്രകാരവും നിങ്ങൾക്കു നോട്ടീസ്സുകൾ കിട്ടും. ഇതിനുമണ്ണും സബ്ഡിവിഷൻ നടപടികൾ പൂർത്തിയായാൽ ആ വിവരവും അതനുസരിച്ചു സബ്ഡിവിഷൻ സ്കെച്ച് തയാറായ വിവരവും അതിൽ തക്കമുള്ളപക്ഷം മൂന്നുമാസത്തിനകം തഹശീൽദാരുടെ അടുക്കൽ അപ്പീൽ ബോധിപ്പിച്ചുകൊള്ളണമെന്നുള്ള വിവരവും ൫൯-ാം നമ്പർ ഫാറ നോട്ടീസിൽ പറഞ്ഞിട്ടുണ്ട്.

## കരിവു ആവലാതി.

൩൪. കുളപ്പുരവുകൊണ്ടു നിലങ്ങൾക്കു വെള്ളത്തട്ടു നിമിത്തം കരിവു ബാധിച്ചുപോയാൽ ആ പൂവിലെ കരം നിറുത്തൽ എഴുതിക്കിട്ടുന്നതിനു ക്ലിപ്തസമയത്തു താലൂക്കിൽ ബോധിപ്പിക്കേണ്ട അപേക്ഷകളെയാണ് കരിവു ആവലാതികൾ എന്നു പറയുന്നതു്. കരിവു ആവലാതികൾ കന്നിപ്പൂവിനെ സംബന്ധിച്ചുള്ളതു ചിങ്ങം ൫൦-ാനു-

ക്ക മുമ്പും കാഭപ്പൂവിന്നു സംബന്ധിച്ചുള്ളതു മകരം ൧൦-ാം തിയതിക്കു മുമ്പും താലൂക്കിൽ കൊടുത്തിരിക്കണം.

കരിവു ആവലാതികൾ താഴെ എഴുതുന്ന ഫാറത്തിൽ കൊടുക്കണം. ഓരോരുത്തർ തനിച്ചോ കൂട്ടായി ഒന്നിലധികം പേർ ഒന്നിച്ചോ ആവലാതികൊടുക്കാം. എല്ലാപേരും ഒപ്പിട്ടിരിക്കണം. അപേക്ഷയിൽ രണ്ടു ചക്രത്തിന്റെ കോർട്ടുഫീ സ്റ്റാമ്പു പതിച്ചു് താലൂക്കിൽ കൊടുക്കണം.

ഫാറം ഏ.

കരിവിനുള്ള അപേക്ഷ.

പകുതി

താലൂക്ക ൧മൊണ്ടു്

കന്നിപ്പൂവൊ കുംഭപ്പൂവൊ എന്നു്

൧. അപേക്ഷക്കാരന്റെ പേരു്

൨. പകുതിയുടെ പേരു്

൩. സർവെ നമ്പർ, ലട്ടർ

൪. സർവെ നമ്പരിന്റെ ഏരിയ ഏ. സെ.

൫. കരിവു ബാധിച്ച ഏരിയ ഏ. സെ.

൬. കരിവൊ, തരിശൊ, നഞ്ചുമേൽ പുഞ്ചയൊ എന്നു

൭. ആണ്ടു മാസം തിയതി

(ഒപ്പു)

തരിശ്ശും നഞ്ചുമേൽ പുഞ്ചയും തോവാള അഗസ്തീശ്വരം ഈ താലൂക്കുകളിൽ ആണു്. കരിവു കണ്ടെടുക്കുന്നതിനു സ്ഥലം പാർവ്വത്യകാരരും പരിശോധനക്കു താലൂക്ക അധികൃതന്മാരും വരും. അപ്പോൾ നിങ്ങൾ കൂടി നിന്നു ബോധ്യപ്പെടുത്തിക്കൊടുക്കണം. പരിശോധനയിൽ 'പച്ച, അരുപ്പു്, മണിപിടി, കരിവു, തരിശ്ശു' ഇങ്ങനെയുള്ള വിവരങ്ങളാണു് നോട്ടുചെയ്യുന്നതു്. നിവൃ

ത്തിയുള്ളിടത്തോളം കരിവു പരിശോധനക്ക പിന്നീട വേണം അവക്കെണ്ടു്. തരിശായിരുന്നാൽ കരം കുറച്ചു കിട്ടുന്നതല്ല. കരിവു ബാധിച്ച പൂവിന്റെ കരം ഒടുക്കുമ്പോൾ അവസാനത്തെ കരം നീക്കി ശേഷം കരം ഒടുക്കേണ്ടതിനെപ്പററി ഗൗനിച്ചുകൊള്ളണം.

## കൃഷിവായ്പ.

൭൦. നമുക്കുള്ള എല്ലാ പതിവു വസ്തുക്കളിലും നിന്നു വേണ്ട ആദായം കിട്ടുന്നില്ലെന്നു കാണാമെല്ലോ. ചില പുരയിടങ്ങളുടേയും മററും കരം യാതൊരു അനുഭവവും കൂടാതെ കൈയിൽ നിന്നും ഒടുക്കുന്നതായിട്ടും വരും. നാം പ്രയത്നിക്കുന്നപക്ഷം അങ്ങനെയുള്ള വസ്തുക്കൾ അനുഭവയോഗ്യമാക്കിത്തീക്കാം അതിലേയ്ക്കു പണം വേണമെല്ലോ. ഈ വകയ്ക്കാണെങ്കിൽ അതായതു കൃഷിമെച്ചപ്പെടുത്താനാണെങ്കിൽ സക്കാരിൽ നിന്നും നിങ്ങൾക്ക ആവശ്യാനുസരണം കൃഷിവായ്പ തരും. അതിലേയ്ക്കു ഏർപ്പെടുത്തിയിട്ടുള്ളതാണ് കൃഷി വായ്പ ചട്ടം.

൭൧. ഏതു വസ്തുവിൽ അതായതു ഏതു സർവെ നമ്പരിൽ നിങ്ങൾ മെച്ചപ്പെടുത്തണമെന്നു വിചാരിക്കുന്നുവോ ആ വസ്തുവിനെ പ്രഥമമായി ജാമ്യം കെട്ടണം. നിങ്ങൾക്ക കൃഷിവായ്പക്ക ആവശ്യമുള്ള തുകയുടെ നാലിലൊന്നുഭാഗംകൂടി വിലവരുന്ന വസ്തുവായിരിക്കണം. പോരാതെ വരുന്ന തുകയ്ക്കു കൂടുതൽ ജാമ്യം കെട്ടണം. അതായതു ൧൫൦ രൂപാ പിടിക്കും വിലകണ്ടാലെ ൧൦൦ രൂപാ വായ്പ തരികയുള്ളൂ.

൩൯. കൃഷിവായ്പ തുക ൨൦൦ രൂപായിൽ കവിയുന്നപക്ഷം കോർട്ടുഫീ ൧അരരൂപാ സ്റ്റാമ്പു പതിച്ച അപേക്ഷ കൊടുക്കണം. അതിൽ കുറഞ്ഞ തുകക്കു സ്റ്റാമ്പു ആവശ്യമില്ല. അപേക്ഷ താലൂക്കിൽ കൊടുത്താൽ മതി. വസ്തു തനതുപേരിൽ പട്ടയമുള്ളതായും തനതു അനുഭവത്തിലുള്ളതായും ഈടു മുതലായതു കൊടുത്തിട്ടില്ലാത്തതായുമിരിക്കണം. അപേക്ഷ വസ്തുവിന്മേലുള്ള ബാദ്ധ്യതകളെ താലൂക്കിൽ നിന്നു സബ്‌രജിസ്ത്ര കച്ചേരികളിലേക്കു എഴുതി അയച്ച വില്ലങ്ക സർട്ടിഫിക്കറു വരുത്തി പരിശോധിക്കുന്നതാണ്. ബാദ്ധ്യതയുണ്ടെന്നു കണ്ടാൽ അതിനു പരിഹാരം ബോദ്ധ്യപ്പെടുത്തണം.

൪൦. കൃഷിവായ്പ തുകക്കു ൧൦൦-നു ൬ വീതമുള്ള പലിശ കൊടുക്കണം. പക്ഷെ അതു ൨൦ കൊല്ലത്തിൽ കവിയാതെയുള്ള കാലം കൊണ്ടു് അനുവദിക്കുന്നതനുസരിച്ച ഓരോ ആണ്ടു തവണകളായി തിരിയെ കൊടുത്താൽമതി.

൪൧. കൃഷിവായ്പ അനുവദിച്ചാൽ നിങ്ങൾ മേലിൽ ഓരോ തവണയും ഒടുക്കേണ്ട തുകയും തീയതിയും കാണിച്ച നിങ്ങൾക്കു ഒരു ഉത്തരവു കിട്ടും. അതനുസരിച്ച തവണ ഒടുക്കിത്തീർക്കണം. വായ്പ തുക ആ ആവശ്യത്തിനുപയോഗിച്ചിട്ടില്ലെന്നു കണ്ടാൽ വായ്പതന്ന പണം ഒന്നായ് തിരിയെ കൊടുക്കുന്നതിനു ചട്ടപ്രകാരം നിങ്ങൾ നിർബന്ധിതനാകും. വായ്പ പണം ഇത്ര മാസത്തിനകം ഉപയോഗിക്കണമെന്നു ഉത്തരവിൽ വിവരം ഉണ്ടായിരിക്കും. വായ്പ തുക മിക്കവാറും രണ്ടു തവണകളായിട്ടു കിട്ടുന്നതാണ്. ആദ്യത്തെ തവണ ഉപയോഗിച്ചിട്ടുണ്ടെന്നു

കണ്ടാലെ രണ്ടാം തവണ തരുകയുള്ളു. കൃഷി ആയുധങ്ങളൊ കന്നുകാലികളൊ വിത്തു മുതലായതുകളൊ വാങ്ങുന്നതിനും ഈ ചട്ടപ്രകാരം വായ്പ എടുക്കാം.

൱൨. നിങ്ങൾക്കു തന്നിട്ടുള്ള ഉത്തരവനുസരിച്ചു കൃഷിവായ്പ തവണകൾ ശരിയായി അടയ്ക്കാത്തപക്ഷം മുഴുവൻ തുകയും ഒന്നായി ഈടാക്കുന്നതിനു നടപടി നടത്തപ്പെടും. പിന്നീടു അതു ഭേദപ്പെടുത്തണമെങ്കിൽ ലാൻറു റവന്യൂ കമ്മിഷണരുടെ അടുക്കൽ അപ്പീൽ ബോധിപ്പിക്കേണ്ടതായി വരും. എന്നാൽ വല്ല തവണയും വല്ല കാരണവശാലും അവധിക്കു ഒടുക്കിത്തീർക്കാൻ നിവൃത്തിയില്ലാത്തപക്ഷം ആ കാരണം കാണിച്ചു വായ്പ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥൻറെ അടുക്കൽ തവണ ഒടുക്കുന്നതിനു ഇത്രമാസത്തെ അവധി കിട്ടണമെന്നു അപേക്ഷിച്ചു അനുവാദം വാങ്ങാവുന്നതാണ്. ആ അപേക്ഷയ്ക്കു അര രൂപാ സ്റ്റാമ്പു പതിക്കണം.

൱൩. കൃഷിവായ്പയ്ക്കു അപേക്ഷിക്കേണ്ടതിനു മാതൃക താഴെ കാണിച്ചിരിക്കുന്നു.

താലൂക്കുകച്ചേരി മുമ്പാകെ (മുന്നടത്തു ഇന്നാരു) ബോധിപ്പിക്കുന്ന കൃഷിവായ്പ അപേക്ഷ.

എൻറെ വക പകുതിയിൽ സർവെ

ഏ. സെൻറു ഭൂമിയിൽ തെങ്ങു കുഴിക്കുക മുതലായിട്ടു വച്ചു ദേഹണ്ഡിക്കുന്നതിനു (അല്ലെങ്കിൽ ഇന്ന ആവശ്യത്തിനു) കൃഷിവായ്പ ചട്ടപ്രകാരം ടിവസ്തുവിനെ (പോരെന്നു തോന്നുന്നപക്ഷം വേറെ വസ്തുക്കളുടെ വിവരം കൂടി പറയണം) ജാമ്യമായി സ്വീകരിച്ചു രൂപാ കൃഷിവായ്പ കിട്ടണമെന്നു അപേക്ഷിക്കുന്നു. ഈ വായ്പ ആണ്ടുകൾ കൊണ്ടു തിരിച്ചു അടച്ചുകൊള്ളത്തക്കവണ്ണം അനുവദിച്ചു തരുവാറാകണം.

ആണ്ടു മാസം തിയതി (ഒപ്പ്)

൩൪. വസ്തുവിൽ ദേഹണ്ഡിക്കുന്നതിനു കൃഷിവായ്പ ചട്ടപ്രകാരം താലൂക്കിൽ നിന്നും വായ്പ തരുന്നതുപോലെ വസ്തുവിന്മേലുള്ള ഈടടുത്തുക്കുന്നതിനു,

## തിരുവിതാംകൂർ ഭൂസ്വത്തുജാമ്യബാങ്കു

ആപ്പീസിലും വായ്പകൾ അപേക്ഷിക്കാം. അതിനു വായ്പതുകയുടെ കണക്കനുസരിച്ചു നൂററിനു ഒന്നു വീതമുള്ള തുക താലൂക്കിൽ ചെല്ലാൻപടി ഒടുക്കി ചെല്ലാൻ രസീതു വാങ്ങിക്കണം. അപേക്ഷിക്കേണ്ടതു പ്രത്യേകം ഒരു ഫാറത്തിലാണ്. അതു രണ്ടു ചക്രം വിലക്കു താലൂക്കിൽ കിട്ടും. ആ ഫാറത്തിൽ ആവശ്യമുള്ള വിവരങ്ങൾ എഴുതി പ്രമാണങ്ങൾ സഹിതം തിരുവിതാംകൂർ ഭൂസ്വത്തു ജാമ്യബാങ്കിൽ അപേക്ഷിക്കണം വായ്പ തുകയുടെ ഇരട്ടി വില പിടിക്കുന്ന വസ്തുക്കൾ ജാമ്യമായി കൊടുക്കേണ്ടി വരും. മററു നടപടികൾ കൃഷിവായ്പ ചട്ടംപോലെതന്നെ.

## പൊന്നുംവില

൩൫. ഗവണ്മെൻറു ആവശ്യത്തിനായോ പബ്ലിക്ക ആവശ്യത്തിനായോ പതിവു വസ്തുവിൽ നിന്നും ഏതെനും സ്ഥലം സർക്കാരിലേക്കു പൊന്നുംവില റഗുലേഷൻ അഥവാ ലാൻറു അക്വിസിഷൻ റഗുലേഷൻ പ്രകാരം സർക്കാർ കൈവശപ്പെടുത്തുന്നതാണ്.

ഇതിലേക്കു എടുക്കേണ്ട സ്ഥലത്തെ സംബന്ധിച്ചു പാർട്ടികൾ പൊന്നുംവില കണക്കു തയാറാക്കി അയക്കും. എടുക്കുന്ന സ്ഥലത്തെ സംബന്ധിച്ചു വേണ്ട വിവരങ്ങൾ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യും.

പൊന്നുംവില കണക്കിൽ എടുക്കേണ്ട സ്ഥലം കൊടുക്കേണ്ട വില കുറവുചെയ്യേണ്ട കരം ഏക്കറിനു എന്തു വില കണക്കാക്കി വില നിശ്ചയിച്ചിരിക്കുന്നു എന്നു പട്ടാദാരൻെറ വിവരം, കൈവശക്കാരൻെറ വിവരം അവകാശത്തിൻെറ സ്വഭാവം ഈ വിവരങ്ങളെല്ലാം അടങ്ങിയിരിക്കും.

പൊന്നുംവില കേസു തീൎച്ചചെയ്യുന്നതു ഡിവിഷൻ പേഷ്ക്കാരാണ്. കേസ്സ് ഫയൽ ചെയ്താൽ നിങ്ങൾക്കു വിചാരണ നിശ്ചയിച്ചു നോട്ടീസു കിട്ടും. അവകാശം മുതലായതിനെപ്പററിയും നിങ്ങൾക്കു കിട്ടേണ്ട വിലയെപ്പററിയും ഉള്ള തെളിവുകൾ നിങ്ങൾ ഡിവിഷൻ കച്ചേരിയിൽ ഹാജരാക്കണം. നോട്ടീസും കൈപ്പററിക്കൊണ്ടു മിണ്ടാതെയിരുന്നാൽ കേസിൻെറ തീൎച്ച സംബന്ധിച്ചു നമുക്കു വല്ലദോഷവും നേരിടുന്നതായാൽ നിവൃത്തിയില്ല. വില കുറവാണെങ്കിൽ കൂടുതൽ വില കിട്ടുന്നതിനു അയൽ വസ്തുക്കളുടെ പ്രമാണങ്ങൾ നിങ്ങൾ ഹാജരാക്കി തെളിവു കൊടുക്കണം ആ തെളിവനുസരിച്ചു നിങ്ങൾക്കു അനുകൂലമായ തീൎച്ച കിട്ടാത്തപക്ഷം നിങ്ങൾക്കു സിവിലായി കേസുകൊടുക്കാം. പൊന്നുംവില കേസു തീൎച്ചയായാൽ നിങ്ങൾക്കു ഒരു ചെക്കു കിട്ടും. അതു ട്രഷറിയിൽ ഹാജരാക്കിയാൽ പണം കിട്ടും.

പൊന്നുംവില കൊടുത്തെടുത്ത സ്ഥലത്തിൻെറ കരം നിങ്ങൾക്കു കുറച്ചു കിട്ടും. അടുത്ത കരം ഒടുക്കിൽ അതിനെപ്പററി ഗൗനിച്ചു കൊള്ളണം. അതോടുകൂടി പൊന്നുംവില കൊടുത്തെടുത്ത സ്ഥലം പുറംമ്പോക്കായി റിക്കാർഡു ചെയ്യപ്പെടുകയും ചെയ്യും.

# ജന്മികുഡിയാൻ

൯൯. ജന്മികൾക്കു കൊടുക്കേണ്ട മിച്ചവാരം സക്കാരിലേക്കു കൊടുക്കേണ്ടതായ കരം പോലെ സക്കാരിൽനിന്നും പിരിച്ചു ജന്മിമാക്കു കൊടുക്കണമെന്നുള്ള നിയമം പാസ്സായി ഇപ്പോൾ അതിലേക്കു ഒരു സ്പെഷ്യൽ ആപ്പീസരേയും നിയമിച്ചു ജോലി നടത്തിച്ചുവരുന്നു.

ഈ ജോലി ഇപ്പോൾ താലൂക്കിൽ നിന്നുമാണ് നടത്തിവരുന്നതു്. താലൂക്കിനെ സംബന്ധിച്ച തഹശീൽദാരാണ് ജന്മിക്കരം സെററിൽമെൻറ് ആഫീസർ. കുടിയാനവന്മാർ ജന്മികൾക്കു അത്ഥം കൊടുത്തു ഒററി, മാരായം, കാണപ്പാട്ടം, ഉഴവു പാട്ടം, കോടാലിക്കാണി ഇങ്ങനെ ഓരോ ഇനങ്ങളിലായിട്ടു വസ്തു എഴുതി വാങ്ങിച്ചിട്ടുണ്ടല്ലോ. ആ ആധാരത്തിൻപ്രകാരമുള്ള മിച്ചവാരവും കീഴ് മര്യാദപോലെ മററുള്ള അവകാശങ്ങളും കുടിയാനവന്മാർ റഗുലേഷൻപ്രകാരം ജന്മികൾക്കു കൊടുപ്പാൻ കടപ്പെട്ടിരിക്കുന്നു. അവ കുടിയാനവന്മാർ ക്രമാനുസരണം കൊടുത്തുതീക്കാതേയും ജന്മികൾ അപ്പഴപ്പോൾ പിരിക്കാതേയും കുടിശിഖകൊണ്ടു് ജന്മികളും കുടിയാനവന്മാരും വ്യവഹാരത്തിൽപെട്ടു് പലവിധ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുവരുന്നു. ഇപ്പഴത്തെ ചട്ടം ഇരുകൂട്ടക്കും സൗകയ്യപ്രദമാണ്. സക്കാരിൽ നിന്നും സക്കാരിലേക്കുള്ള കരപ്പിരിവുപോലെ ഇതും ഈടാക്കുന്നതാണ്. ഇപ്പോൾ മിച്ചവാരം നെല്ലായിട്ടും മററുസാമാനങ്ങളായിട്ടും ഈടാക്കപ്പെടുന്നു. ൧൨ വഷത്തേക്കൊരിക്കൽ പൊളിച്ചെഴുത്തുമുണ്ടു്. മേലാൽ പൊളിച്ചെഴുത്തിൻെറ ആവശ്യമില്ല.

അതിനെക്കൂട്ടി വകവച്ച "പൊളിച്ചെഴുത്തവകാശം" എന്നൊരിനം ആണ്ടുതോറുമുള്ള മിച്ചവാരം മുതലായതുകളോടു ചേർത്തു ജന്മിക്കരമായിട്ടു കണക്കുണ്ടാക്കുന്നു. ൧൦-നു ൨ വീതം അടുക്കുവതും "ഒപ്പുസൂചി, ഓലപ്പണം" ഈ വകകളും കണക്കാക്കിവരുന്നതിൻെറ ൭ ശതമാനമാണ് പൊളിച്ചെഴുത്തവകാശമായി കണക്കാക്കപ്പെടുന്നതു്. ഇതോടുകൂടി "മിച്ചവാരം, ഓണക്കാഴ്ച, ആറു കാഴ്ച, പഞ്ചപലം, ഉൽഭവ കോപ്പ്, കലശവരി" എന്നുള്ള ഇനങ്ങളും കൂടി കണക്കാക്കി നിശ്ചയിക്കുന്ന ജന്മിക്കരം കാണ അർത്ഥത്തിൻെറ മുപ്പതു ശതമാനത്തിൽ കവിയത്തക്കതല്ല. ഇതിൻെറ നടപടിക്കു ജന്മികൾക്കും കുടിയാനവന്മാർക്കും താലൂക്കിൽ നിന്നും നോട്ടീസുകൾ അയക്കും. ടി നോട്ടീസിൽ പകുതികളിൽ നിന്നും കിട്ടീട്ടുള്ള അറിവുകളെ അടിസ്ഥാനപ്പെടുത്തിയുള്ള സർവെ നമ്പരുകളെ കൊള്ളിച്ചു ആ വസ്തുക്കളിന്മേൽ നിങ്ങൾക്കുള്ള അവകാശ വിവരം മുതലായവ കാണിച്ചു സ്റ്റേറ്റുമെൻറു തയ്യാറാക്കി ആയതും അതിലേക്കു ആടിസ്ഥാനമായ റിക്കാർഡുകളും കൊണ്ടു ഉടൻതന്നെ ഹാജരാകണമെന്നും അപ്രകാരം ഹാജരാകാത്തപക്ഷം എക്സ്പാർട്ടിയായി കേസ്സ് തീരുമാനിക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു താലൂക്കു കച്ചേരിയിൽ ഹാജരായാൽ അവിടെ നിന്നും നിങ്ങളുടെ കൈവശം ഇരിപ്പുള്ള ജന്മവസ്തുക്കളുടെ വിവരങ്ങൾ പതിക്കുന്നതിനു ഒരു ഫാറം കിട്ടും. അതിൽ സർവെ നമ്പർ തിരിച്ചു വിവരം പതിക്കുന്നതിനു വേണ്ട കാളങ്ങളുണ്ടു്. പ്രമാണങ്ങൾ കൈവശമുണ്ടെങ്കിലെ ടി വിവരങ്ങൾ പതി

പ്പാൻ സാധിക്കയുള്ളൂ. ജന്മികളാകട്ടെ ഇതുപോലെ യൊരു സ്റ്റേറ്റുമെൻറു താലൂക്കിൽ എഴുതിക്കൊടുത്തിട്ടുണ്ട്. അതിൽ വല്ല കൂടുതൽ കുറവും ഉണ്ടോ എന്നു നോക്കുന്നതിനു നിങ്ങളുടെ പ്രമാണപ്പടി നിങ്ങൾ സ്റ്റേറ്റുമെൻറു എഴുതിക്കൊടുത്തെങ്കിലെ സാധിക്കയുള്ളൂ. നിങ്ങൾക്കു പ്രമാണം സിദ്ധിച്ചിട്ടുള്ള വല്ല നമ്പരുകൾ വിട്ടുകയൊ അവകാശപ്പെട്ട വിസ്തീർണ്ണത്തിനു കുറവു വരുത്തുകയൊ വല്ലതും ചെയ്തിട്ടുണ്ടോ എന്നും നോക്കണം. നോട്ടീസിൽ കാണിച്ചിരിക്കുന്നതു കൂടാതെ വേറെ വല്ല ജന്മവസ്തുക്കളും ഉണ്ടായിരുന്നാൽ അവയെ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി സ്റ്റേറ്റുമെൻറിൽ കാണിക്കണമെന്നു നോട്ടീസിൽ പറഞ്ഞിട്ടുമുണ്ട്.

സെററിൽമെൻറിൽ, കാണാധാരം എഴുതിപ്പിടിച്ചിട്ടുള്ള അനേകം വസ്തുക്കൾക്കു ജന്മിമാർ തന്നെ പട്ടയം കൊടുപ്പാനിടയായിട്ടുണ്ട്. നിയമപ്രകാരം ജന്മവസ്തുക്കൾ അത്ഥാവകാശപ്പെടുത്തിക്കൊടുത്തു കഴിഞ്ഞാൽ കരം പതിപ്പിനു വിഷയമാവുകയും കുടിയാനവന്മാർ പട്ടയം കെട്ടുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ ഈ നട്ടപ്പടിപ്രകാരം നിങ്ങൾ തീർച്ച സമ്പാദിക്കാത്തപക്ഷം വരുന്ന സെററിൽമെൻറിലും പട്ടയ കുഴപ്പം വന്നേയ്ക്കും. ഇതു കൂടാതെ സെററിൽമെൻറിൽ ഏതാനും ജന്മവസ്തുക്കളെ പണ്ടാരവക കുടിജന്മം എന്ന പിശകായി ഇനം കൊള്ളിച്ചു ജന്മിമാർതന്നെ പട്ടയം കൊടുത്തിട്ടുണ്ട്. ഇപ്പോൾ അതിൻെറ മിച്ചവാരം മുതലായതു ജന്മികൾ നേരിട്ടും കുടിശികകൊണ്ടാൽ ജന്മികൾ കോർട്ടുമുഖേനയും ഇടാക്കുന്നുണ്ടെങ്കിലും സെററിൽമെൻറു പട്ടയപ്പടി അവ "ജന്മ" വസ്തുക്കൾ എന്നതിൽ ചട്ടത്തിൽ ഉൾപ്പെട്ടി

ട്ടില്ല. ഈതരം വസ്തുക്കളെ സംബന്ധിച്ച ഇപ്പോൾ നിങ്ങൾ തീർച്ച സമ്പാദിക്കാത്തപക്ഷം അടുത്ത സെററിൽമെൻറിലും നിങ്ങൾക്ക പട്ടയം കിട്ടുന്നതിന വൈഷമ്യമുണ്ടായേക്കും. ജന്മികൾ അവരുടെ വസ്തുക്കൾ തീറുകൊടുത്തുപോയാൽ തീറുവാങ്ങിച്ചവക്കാണ് ഈ റഗുലേഷൻ പ്രകാരമുള്ള "ജന്മി"ത്വം എന്നുള്ളതും അറിഞ്ഞിരിക്കണം. ഒരു കാണാധാരത്തിൽ ഒന്നിലധികം വസ്തുക്കളെ ചേത്തു പ്രമാണം ജനിപ്പിച്ച ഒന്നടങ്കം മിച്ചവാരം മുതലായതു പറഞ്ഞിരുന്നാൽ അതിനെ വീതപ്രകാരം ജന്മിക്കരം നിശ്ചയിക്കുന്നതിനെ സംബന്ധിച്ചും ഗൌനിക്കണം. അതായതു ഓരോ സർവ്വെ നമ്പരിനും സെററിൽമെൻറു പാട്ടത്തിൻെറ തോതുനോക്കി ജന്മിക്കരം ശരിയാണൊ എന്നറിഞ്ഞുകൊള്ളണം.

താലൂക്ക ജന്മിക്കരം സെററിൽമെൻറാഫീസരുടെ തീർച്ചയിന്മേൽ ജന്മിക്കരം സ്പെഷ്യൽ ആഫീസരുടെ അടുക്കൽ ആക്ഷേപമുണ്ടെങ്കിൽ റിവിഷൻ ബോധിപ്പിക്കാം. അതിന തീർച്ചപ്പകർപ്പു വാങ്ങി ഒരുമാസത്തിനകം അപ്പീൽ ബോധിപ്പിക്കണം.

## അന്തിക്കടെച്ചന്ത

൩൭. പൊതുജനോപയോഗത്തിനായി നിങ്ങളുടെ പുരയിടങ്ങളിൽ അന്തിക്കടകളൊ ചന്തകളൊ കൂട്ടുന്നതിന അപേക്ഷകൾ ബോധിപ്പിക്കാം. അപേക്ഷകൾ ദിവാൻപേഷ്ക്കാരുടെ അടുക്കൽ ബോധിപ്പിക്കണം. അപേക്ഷയിൽ കോർട്ടുഫീസു അരരൂപാ സ്റ്റാമ്പു പതി

ച്ചിരിക്കണം. അപേക്ഷസ്ഥലത്തിന്റെ ഒരു സ്കെച്ച് കൂടി ചേർക്കണം. അപേക്ഷ താഴെപ്പറയുന്ന പ്രകാരമായിരിക്കണം.

ഫാറം

എ. സ്ഥലത്തിന്റെ പേരും, പുതിയ ചന്ത ആരംഭിക്കുന്നതിനൊ ഉള്ള ചന്തയെ തുടൎന്നു നടത്തുന്നതിനൊ ഉദ്ദേശിച്ചിരിക്കുന്ന ഭൂമിയുടെ സർവെ നമ്പരുകൾ, അതിൎത്തികൾ മുതലായ വിവരങ്ങളും.

ബി. ഏതെല്ലാം അതിൎത്തികളിൽ അതു നടത്തുന്നു എന്നും.

സി. ഏററവും അടുത്തുള്ള ചന്ത ഇരിക്കുന്ന സ്ഥലത്തിന്റെ പേരും ആ ചന്ത നടത്തുന്ന ദിവസങ്ങളും.

ഡി. രണ്ടും തമ്മിൽ എത്ര ഇംഗ്ലീഷ് മൈൽ ദൂരമുണ്ടെന്നും.

ഇ. അപേക്ഷകന്റെ പൂൎണ്ണമായ പേരും, വയസ്സും, തൊഴിലും, വാസസ്ഥലവും.

എഫ്. അപേക്ഷകനു ആ ഭൂമിയിന്മേലുള്ള അവകാശത്തിന്റെ സ്വഭാവവും, വ്യാപ്തിയും

ജി. നിൎദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലത്തു എന്തു സാധനങ്ങൾ വിൽക്കുന്നതിനുള്ള ചന്തയായി ഉപയോഗിക്കണമെന്നും.

എച്ച്. നടപ്പിലിരിക്കുന്ന ചന്തയുടെ സംഗതിയിൽ അയാൾ എത്രകാലമായി ആ സ്ഥലത്തെ ഒരു ചന്തയായി ഉപയോഗിച്ചുവരുന്നു എന്നും.

സ്കെച്ച് ചേൎക്കാത്തപക്ഷം അപേക്ഷകളെ തള്ളിക്കളയുന്നതാണ്. പുതിയ അപേക്ഷയാണെങ്കിൽ അതിലേക്കു ഒരു നിശ്ചിത ഫീസ് (൫ രൂപാ) ഖജനാവിൽ ഒടുക്കി ചെല്ലാൻ രസീതുകൂടി ചേൎത്തു അപേക്ഷിക്കാത്തപക്ഷവും അപേക്ഷ തള്ളിപ്പോകും. അന്തിക്കടകളിൽ നികുതി പിരിവു പാടില്ല. പകൽ ചന്തക്കു ലൈസൻ

സിന്റെ ഏൎപ്പാടിന്റെ കണക്കനുസരിച്ച മുദ്രപ്പത്രം ഹാജരാക്കണം. അതിന്മേലയ്ക്കു നോട്ടീസ്സു കിട്ടും. അന്തിക്കാൎക്കു ഫീസു കൂടാതെ ലൈസൻസു കിട്ടും. വൎഷാരംഭത്തിനു രണ്ടുമാസത്തിനുമുമ്പെ അപേക്ഷ ബോധിപ്പിക്കണം.

## ജനന മരണം

൯൮. മുനിസിപ്പൽ ടൗൺ അല്ലാത്ത നാട്ടുപുറങ്ങളിൽ രജിസ്റ്റർ ചെയ്യുന്നവകയ്ക്കു ൧൦൯൬-ാമാണ്ടത്തെ ൭-ാം റെഗുലേഷൻ അനുസരിച്ച ചട്ടം ഏൎപ്പെട്ടിട്ടുണ്ട്. അതിൽ ൮-ാം വകുപ്പനുസരിച്ച ജനനത്തിന്റെ വിവരം രണ്ടുവാരത്തിനകവും ൯-ാം വകുപ്പനുസരിച്ച മരണത്തിന്റെ വിവരം നാലുദിവസത്തിനകവും ജനനമരണ രജിസ്ട്രാരെ തെര്യപ്പെടുത്തണം. മിക്കവാറും പാൎവ്വത്യകാർമാർ ജനനമരണ രജിസ്ട്രാർ ആയിരിക്കും. ഇതിന്മണ്ണം അറിവുകൊടുക്കാതിരുന്നാൽ അല്ലെങ്കിൽ തെറ്റായി അറിവുകൊടുത്താൽ പ്രാസിക്യൂഷൻ ചെയ്യപ്പെടും. അതിന്മേൽ പത്തു രൂപാ പിഴ നിശ്ചയിക്കുകയും ചെയ്യാം. ചട്ടം ൧൫-ാം വകുപ്പിൽ നിങ്ങൾക്കു ൧ ചക്രം ഫീസ് കൊടുത്താൽ ജനനമരണ രജിസ്റ്ററുകൾ പരിശോധിക്കാമെന്നു പറഞ്ഞിട്ടുണ്ട്. ൧ ചക്രം ഫീസ് കൊടുത്തു അതിന്റെ സംഗ്രഹം വാങ്ങാമെന്നും പറഞ്ഞിട്ടുണ്ട്.

## നായർറെഗുലേഷൻ വിവാഹം

൯൯. ഈ റെഗുലേഷൻ അനുസരിച്ച നായന്മാരുടെ ഇടയിൽ വിവാഹം നടന്നാൽ ഒരു വാരത്തിനകം അതിനെപ്പററി പകൎത്തിയിൽ അറിവു കൊടുക്കണം.

അതു താഴെ കാണിച്ചിട്ടുള്ള ഫാറപ്രകാരമായിരിക്കണം. രണ്ടുപ്രതി ഫാറം ഉണ്ടായിരിക്കണം. ഈ ഫാറം എട്ടു കാശു വിലക്കു പകുതിക്കച്ചേരിയിൽ കൊടുക്കുന്നതാണു്. കിട്ടാത്തപക്ഷം ഈ ഫാറപ്രകാരം എഴുതികൊടുത്താൽ മതിയാകും. സാക്ഷികളും മററും ഒപ്പിടേണ്ട വിഷയത്തിൽ വിട്ടുപോകരുതു്. നിങ്ങൾ രണ്ടുഫാറം കൊടുക്കുന്നതിൽ ഒന്നു പകുതിക്കച്ചേരിയിൽ ഫൈൽ ചെയ്യേണ്ടതും ഒന്നു് പ്രവൃത്തിക്കാർ താലൂക്കു കച്ചേരിയിലേക്കയക്കേണ്ടതുമാകുന്നു. അതുകൊണ്ടു് ഒരു ഫാറത്തിൻെറ തലക്കെട്ടിൽ (ഫാറം ൩-ാം ചട്ടം നോക്കുക. നോട്ടീസ്സ്. പകുതിക്കച്ചേരിയിൽ ഫയൽ ചെയ്യേണ്ടതു്) എന്ന തലക്കെട്ടിൽ നടുനാട്ടണം. മററെ ഫാറത്തിൽ പകുതിക്കച്ചേരിയിൽ എന്നെഴുതുന്നതിനു പകരം ഡ്യൂപ്ളിക്കററു്. പ്രവൃത്തികാർ താലൂക്കു കച്ചേരിയിലേക്കു അയക്കേണ്ടതു്. എന്നു നടുനാട്ടിക്കൊള്ളണം. ഫാറം മറുവശം നോക്കുക.

## ഹർജിക്കാൎയ്യം

൧൦. ഹർജികൾ ബോധിപ്പിക്കുന്നതിൽ സ്റ്റാമ്പു് ഒട്ടേണ്ടതും സ്ലാമ്പു ഒട്ടേണ്ടതല്ലാത്തതുമുണ്ടു്. ഒരു റഗുലെഷൻപ്രകാരമൊ ചട്ടപ്രകാരമൊ ഉള്ള ഒരു ഉത്തരവു കിട്ടുന്നതിനായിട്ടുള്ള അപേക്ഷകൾക്കു നിയമേന അരരൂപാ കോർട്ടുഫീസ് സ്ലാമ്പു പതിക്കേണ്ടതുണ്ടു്. ഈ പുസ്തകത്തിൽ ഓരോ ഭാഗത്തു അതിനെപ്പററി പറഞ്ഞിട്ടുള്ളതിനാൽ ഇവിടെ വീണ്ടും പറയുന്നില്ല. എന്നാൽ പോക്കുവരവിനും, പകർപ്പു കിട്ടുന്നതിനും, കരിവു ആവലാതിക്കും രണ്ടുചക്ര സ്ലാമ്പു മതിയാവും. വിചാരണകൾ

| ഭർത്താവിന്റെ പേരും വിവരണവും വാസസ്ഥലവും (അറിയാമെങ്കിൽ) ജനനസ്ഥലവും | ഭാര്യയുടെ പേരും വിവരണവും വാസസ്ഥലവും (അറിയാമെങ്കിൽ) ജനനസ്ഥലവും | നിയമാനുസൃത രക്ഷകർത്താവിന്റെ പേരും, വിവരണവും, വാസസ്ഥലവും | | വിവാഹത്തീയതി | വിവാഹസ്ഥലം | വിവാഹത്തീയതിയിൽ ഭർത്താവിന്റെ വയസ്സ് | വിവാഹത്തീയതിയിൽ ഭാര്യയുടെ വയസ്സ് |
|---|---|---|---|---|---|---|---|
| | | ഭർത്താവു മൈനരായിരിക്കുന്ന പക്ഷം | ഭാര്യ മൈനരായിരിക്കുന്ന പക്ഷം | | | | |
| | | | | | | | |

മുഖദാവിൽ കൊടുത്ത സംഗതിയിൽ,

കൊടുത്ത ആളിന്റെ പേരു്   തിയതി

ടി ആളിന്റെ വിവരണവും

വാസസ്ഥലവും

ടി ആളിന്റെ ഒപ്പ്

കൊടുത്ത തിയതി   സാക്ഷികൾ   (൧)

(൨)

ഭർത്താവിന്റെയൊ അയാൾ മൈനരായിരിക്കുന്ന പക്ഷം അയാളുടെ നിയമാനുസൃത രക്ഷകർത്താവിന്റെയൊ ഒപ്പ്

ഭാര്യയുടേയൊ അവൾ മൈനരായിരിക്കുന്ന പക്ഷം വിവാഹ കാലത്തു അവളുടെ നിയമാനുസൃത രക്ഷകർത്താവിന്റെയൊ ഒപ്പ്

ഒപ്പ്

പേരും, വിവരണവും, വാസസ്ഥലവും,

ഒപ്പ്

പേരും, വിവരണവും, വാസസ്ഥലവും,

മാററികിട്ടണമെന്നു് അപേക്ഷിക്കുന്ന സംഗതികളിൽ കോർട്ടുഫീസ്സ് അരരൂപാ സ്റ്റാമ്പു പതിക്കേണ്ടതാണെങ്കിലും പോക്കുവരവു വിചാരണ മാററിക്കിട്ടണമെന്നുള്ള അപേക്ഷകൾക്കു യാതൊരു സ്റ്റാമ്പും ഒട്ടേണ്ടതില്ലെന്നു നിയമമുണ്ടു്. പണം തിരിച്ചു കിട്ടണമെന്നുള്ള അപേക്ഷകൾക്കു സ്റ്റാമ്പു ആവശ്യമില്ല.

കുത്തകപ്പാട്ടത്തിന്റെ കാലാവധി തീരുന്ന ക്രമത്തിനൊ റവന്യൂ ലേലത്തിൽ ഏല്പിച്ചു് കുടിശിഖ പണം ഒട്ടക്കിത്തീർക്കുകയാൽ ലേലം അസ്ഥിരപ്പെട്ടതനുസരിച്ചു് പണം തിരിച്ചു വാങ്ങിക്കുന്നതിനൊ അപേക്ഷ ബോധിപ്പിക്കുന്നതിനും സ്റ്റാമ്പു ആവശ്യമില്ലെന്നു മനസ്സിലാക്കണം.

പുറമ്പോക്കു ഭൂമിയിൽ അപകടത്തിൽ നിൽക്കുന്ന വൃക്ഷം മുറിച്ചു കിട്ടുന്നതിനും, തോടുകൾ, കുളങ്ങൾ, റോഡുകൾ എന്നീ പുറമ്പോക്കുകളിൽ ഉണ്ടാകുന്ന കേട്ടുപാടുകൾ തീർക്കുന്നതിനും പുരവു കുളങ്ങളിലെ അററകുററപ്പണികൾ തീർത്തുതരുന്നതിനും പൊതു ഉപയോഗത്തിലിരിക്കുന്ന പുറമ്പോക്കുകളിൽ ആരെങ്കിലും തടസ്ഥം ചെയ്യുന്നതിനെപ്പററിയും. കുത്തകപ്പാട്ടത്തിൽ ഉൾപ്പെട്ട വൃക്ഷങ്ങളിൽ വല്ലതും പട്ടുപോയാൽ പാട്ടം കുറവുചെയ്തു കിട്ടുന്നതിനും ഹർജികൾ ബോധിപ്പിക്കാം. അതിലേക്കൊന്നിനും സ്റ്റാമ്പു് ആവശ്യമില്ല. പൊതുവെയുള്ള കാര്യങ്ങളിൽ പുരവുകാർ ഒന്നിലധികംപേർ ചേർന്നു ഹർജി കൊടുക്കുന്നതു നന്നു്.

വെള്ളപ്പൊക്കം കൊണ്ടും മററും കൃഷിപ്പിഴ വന്നാൽ —കൃഷിയിറക്കുന്നതിനു നിവൃത്തിയില്ലെന്നുവന്നാൽ കരം

നിറുത്തൽ എഴുതിത്തരുന്നതിന് ഗവണ്മെൻറിൽ ഹർജി ബോധിപ്പിക്കണം. സ്പെഷ്യൽ അനുവാദത്തിന്മേലല്ലാതെ ഈമാതിരി വിശേഷാൽ സംഗതികളിൽ കരിവനിറുത്തൽ എന്നതുപോലെ കരം നിറുത്തൽ അനുവദിക്കുന്നതല്ല.

നിലത്തിൽ ഉണ്ടാകുന്ന മണൽ കോരാനൊ ഉടപ്പു നന്നാക്കാനൊ കൃഷിവായ്പ ചട്ടപ്രകാരം വായ്പക്കു താല്പൎയ്യമുണ്ടെങ്കിൽ അപേക്ഷിക്കാം.

നിങ്ങളുടെ ഹർജികളെ പതിച്ചു നടപടി നടത്തുന്നതിനു ഡിപ്പാർട്ടുമെൻറലായി പ്രത്യേകം ഒരു രജിസ്റ്റർ വച്ചിട്ടുണ്ട്. നിങ്ങൾ കൊടുക്കുന്ന ഹർജികൾ ഉടൻ ആ രജിസ്റ്ററിൽ പതിക്കും. ആ ഹർജി എന്തുചെയ്തുവെന്നും അതു എങ്ങനെ തീൎച്ചചെയ്തുവെന്നും തീൎച്ചചെയ്തോ തീൎച്ച ചെയ്യാതെ കിടപ്പോ എന്നും അതിൽ വിവരം പതിക്കപ്പെടും. നിങ്ങളുടെ ഹർജിക്കു തീൎച്ചവിവരം കാണിച്ചു നിങ്ങൾക്കു ഒരു ഇണ്ടാസു കിട്ടുന്നതാണ്. മേല്പറഞ്ഞ ഹർജി രജിസ്റ്ററിനു പകർപ്പും വാങ്ങാവുന്നതാണ്. അതു വാങ്ങിയാൽ നിങ്ങളുടെ ഹർജികളിന്മേൽ എന്തു നടപടി നടത്തിയെന്നറിഞ്ഞു മേൽ വേണ്ടതു ചെയ്യാം.

## അടുത്ത കണ്ടെഴുത്തിൽ ഗൗനിക്കേണ്ട ഭാഗങ്ങൾ

കഴിഞ്ഞ കണ്ടെഴുത്തിൻെറ ഫയനൽ റിപ്പോർട്ടു സംബന്ധിച്ചു ഗവണ്മെൻറിൽ നിന്നും ഉണ്ടായിട്ടുള്ള ഉത്തരവിൽ താഴെപ്പറയുന്ന ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്.

1. നെൽക്കരം റവന്യൂ ഏർപ്പാട്ടിൽ നിന്നും നീക്കപ്പെട്ടതിനാൽ നിലങ്ങൾക്കു ഒരേവിധത്തിലുള്ള വിലത്തരം ഏർപ്പെടുത്തണമെന്നും നിശ്ചയിക്കുന്ന വിലത്തരം കഴിഞ്ഞു പതിനഞ്ചുകൊല്ലങ്ങൾക്കിടയിലുള്ള ശരാശരി വില്പന ആയിരിക്കണമെന്നും.

2. വസ്തുക്കളുടെ തരവും, കരവും, നിശ്ചയിക്കുന്ന സംഗതിയിൽ ആദ്യമായി ചെയ്യേണ്ട ശ്രമം കൃഷിചെയ്തും കൊയ്ത്തു എടുത്തും അനേകം പരിശോധനകൾ തുടർച്ചയായി നടത്തി മണ്ണുകളെ തരം തിരിക്കുകയും അവയുടെ വിളവു ശക്തിയുടേയും വാസ്തവത്തിൽ ഉള്ള വിളവിനേയും നിർണ്ണയിച്ചു അറിയുകയും ചെയ്യുന്ന രീതിയേയും ഖണ്ഡിതമായി അനുവർത്തിക്കണമെന്നും.

3. നാഞ്ചിനാട്ടിലും ചെങ്കോട്ടയിലും പലതരത്തിലുള്ള കോട്ട മുതലായ അളവുകളിലും മററു താലൂക്കുകളിൽ പറ, ഇടങ്ങഴി എന്ന അളവുകളിലും നിലങ്ങളുടെ വിസ്താരത്തെ കണക്കിൽ ചേർക്കുന്നതായ രീതിയെ അടുത്ത കണക്കെഴുത്തിൽ നിറുത്തിക്കളയണമെന്നും നിലങ്ങളുടെ വിസ്താരത്തെ ഏക്കറായും സെൻറായും മാത്രം ചേർക്കേണ്ടതാണെന്നും.

4. സംസ്ഥാനം ഒട്ടുക്കു ഒരേവിധത്തിലുള്ള നെൽ അളവു മാത്ര പറയായും ഇടങ്ങഴിയായും ഏർപ്പെടുത്തേണ്ടതാണെന്നും.

5. ഇപ്പോൾ നിലങ്ങൾക്കുള്ള കരത്തിനുള്ള തരങ്ങളുടെ എണ്ണം ക്രമത്തിലധികം കൂടുതലാണെന്നും അതിനെ കുറയ്ക്കേണ്ടതാണെന്നും.

6. പുരയിടങ്ങൾക്കു താപ്പാട്ടവും വൃക്ഷപ്പാട്ടവും നിശ്ചയിക്കുന്നതായ ഇപ്പഴത്തെ രീതി അയുക്തമാണെന്നും മുതലെടുപ്പിന്റെ ഗുണത്തിലേക്കായിട്ടും കണക്കുകളെ ലഘു ആക്കുന്നതിലേക്കായിട്ടും ഈ രീതിയെ തള്ളേണ്ടതാണെന്നും വൃക്ഷക്കരത്തിനു പകരം പുരയിടങ്ങൾക്കു വിസ്താരമനുസരിച്ചു കരം നിശ്ചയിക്കുന്ന രീതിയെ സ്വീകരിക്കണമെന്നും.

7. ജന്മം വസ്തുക്കളിൽ മുഴുവനും കരം ഒഴിവായ വസ്തുക്കൾക്കും സ്വല്പമായ പിരിവക കരം ചുമത്താൻ പാടില്ലയോ എന്നും.

8. ജന്മം വസ്തുക്കൾക്ക ചുമത്താവുന്ന രാജഭോഗത്തിന്റെ നിരക്കിനെ കുട്ടുകയും മുൻകരത്തെ ഗൗനിക്കാതെ അപ്രകാരം കൂട്ടതലായ റേറിനെ സ്ഥിരപ്പെടുത്തുകയും ചെയ്തുകൂടയൊ എന്നും.

9. ദേവസ്വവകയായും ബ്രഹ്മസ്വം ജന്മിമാരുടെ വകയായും ഉള്ള അന്യാധീനപ്പെടുത്താത്ത തനതിൽ കിടപ്പു വസ്തുക്കൾക്ക അന്യാധീനപ്പെടുത്തപ്പെട്ട വസ്തുക്കളെപ്പോലെ രാജഭോഗം ചുമത്താൻ പാടില്ലയൊ എന്നും.

10. ദേവസ്വം വസ്തുക്കളേയും ബ്രഹ്മസ്വം വസ്തുക്കളേയും പൂൎണ്ണമായി അന്യാധീനപ്പെടുത്തുന്ന സംഗതികളിൽ അവയ്ക്കു പാട്ടത്തിൽ നാലിലൊന്ന കരം ചുമത്തി കുടിജന്മമായി മാററുന്നതിന്ന പകരം ഒന്നുപകുതി കരം ഏൎപ്പെടുത്താൻ പാടില്ലയൊ എന്നും

11. ജന്മം വസ്തുക്കളുടെ കാൎയ്യത്തിൽ കുടിയാനവന്മാരുമായി നേരിട്ടു വസ്തുക്കളുടെ കണ്ടെഴുത്തു നടത്തുന്ന എപ്പഴത്തെ ഏൎപ്പാട്ട നിറുത്തി കൊച്ചി സംസ്ഥാനത്തിലും മലയാളം ജില്ലയിലും എന്നപോലെ ജന്മികളോട്ട തന്നെ നേരിട്ടു കരം ഏൎപ്പാടുകൾ നടത്താൻ പാടില്ലയൊ എന്നും.

12. പണ്ടാരപ്പാട്ടവും അതിനൊത്ത ഇനത്തിൽപെട്ട് ഇപ്പോൾ പല പേരുകളുംഉള്ള ഇനങ്ങളെനിറുത്തുകയും മുഴുവൻ പാട്ടം കൊണ്ടിട്ടുള്ള എല്ലാ വസ്തുക്കളേയും ഒരേ ഇനത്തിൽ ഉൾപ്പെടുത്തുകയും ചെയ്യണമെന്നും

13. പണ്ടാരവെററിയും അതിനൊത്തഇനങ്ങളുംവസ്തുക്കൾക്ക ഇപ്പോൾ പാട്ടത്തിൽ ഒന്നുപകുതിയായി നിശ്ചയിച്ചിരിക്കുന്നതിന്ന പകരം പാട്ടത്തിൽ മൂന്നിൽരണ്ടു ഭാഗമായി കരം നിശ്ചയിക്കുകയും അവയെ ഒരു പൊതുപേരിൽ ഉൾപ്പെടുത്തുകയും ചെയ്യണം.

14. കുടിജന്മം വസ്തുക്കളെ നിറുത്തിക്കളയണമെന്നും ആകുന്നു. ഇവ കൊണ്ടുള്ള ഗുണദോഷങ്ങളെ വഴിപോലെ ചിന്തിച്ചാരായുക.

ഐ. ഇനി അടുത്ത കണ്ടെഴുത്തു നടക്കുന്നതിന്ന മുമ്പായി കുടികൾ ചെയ്തുതീരേണ്ടതായ ചില കാൎയ്യങ്ങൾ പറയാം.

1. ഊട്ടുകൂറവകാശം പാടെ നശിപ്പിക്കണം. അടുത്ത കണ്ടെഴുത്തിലെങ്കിലും അതു ഇല്ലാതെയാക്കുന്നതിനു തക്കവണ്ണം ഊട്ടുകൂറവകാശികൾ അതുകതിരിച്ചു ഭാഗിച്ചു സ്ഥലം സബ്ഡിവിഷൻ ചെയ്തു പോക്കുവരവു തീർച്ച് സമ്പാദിക്കേണ്ടതാകുന്നു. ഇപ്പോഴുള്ള പല ഭാഗപത്രങ്ങളിലും സ്ഥലം അതുകതിരിച്ചും വൃക്ഷങ്ങളുടെ അനുഭവം ഊട്ടുകൂറായും ചെയ്തുകാണുന്നു. ഇതു നിയമാനുസരണമല്ല. ഇങ്ങനെയുള്ള സംഗതികളിൽ കണ്ടെഴുത്തിൽ പട്ടയം തരുന്നതിനു പ്രയാസപ്പെടും. അതായതു കൂട്ടുപട്ടയമായി വാങ്ങിക്കേണ്ടിവരും.

2. കഴിഞ്ഞ കണ്ടെഴുത്തിൽ പട്ടയം സംബന്ധിച്ചുണ്ടായിട്ടുള്ള കുഴപ്പങ്ങൾ ചില്ലറയല്ല. പട്ടയം ഒരാൾക്കും വസ്തു അനുഭവം മറ്റൊരാൾക്കും ആവാനും ഇടയായിട്ടുണ്ട്. വരുന്ന കണ്ടെഴുത്തിൽ നിങ്ങൾ മൊഴി കൊടുക്കുമ്പോൾ, പട്ടയം, പ്രമാണം, സർവെ പ്ലാൻ, കരത്തീരുവ രസീതു മുതലായവകൾ ശരിയാക്കിവച്ചു മൊഴി കൊടുക്കണം.

3. വസ്തുക്കൾ ഭാഗം ചെയ്തിട്ടുള്ള സംഗതികളിൽ പ്രത്യേകം പ്രത്യേകം നമ്പർ തിരിക്കുന്നതിനും അതു അനുസരിച്ചു പ്രത്യേകം പ്രത്യേകം പട്ടയം വാങ്ങുന്നതിനും കരുതിക്കൊള്ളണം.

4. വസ്തുവിന്റെ ഇനം, തരം, കരം, ഏരിയ ഈ സംഗതികളിൽ കൂടുതൽ കുറവുവരാതെ നോക്കണം.

5. ഒഴുകിൻപടിയുള്ള അവകാശത്തിൽ കഴിഞ്ഞ കണ്ടെഴുത്തിൽ വല്ല പിശകും വന്നുപോയിട്ടുണ്ടെങ്കിൽ ഒഴുകു പകർപ്പു വാങ്ങി തെളിവു കൊടുത്തു ശരിപ്പെടുത്തണം,

6. പട്ടയത്തിൻപടിയുള്ള വസ്തുവിന്റെ ഏരിയാവും, ഭൂമിയുടെ ഏരിയാവും, നാളതു കൂടുതൽ കുറവു വ്യത്യാസമായി കണ്ടാൽ അതിനെ ബോദ്ധ്യപ്പെടുത്തി ശരിയായ ഏരിയാക്കു പട്ടയം വാങ്ങണം. അതോടുകൂടി ഒരാളുടെ വകയും അയാളുടെ അനുഭവത്തിൽ ഇരിക്കുന്നതുമായ വല്ല ഭാഗവും വേറെ ഒരാളുടെ പട്ടയത്തിൽ ഉൾപ്പെട്ടുവരെ, വല്ല സർവെ നമ്പരിനോടും ചേർന്നുകിടക്കുന്ന സംഗതികളിലും സർവെ സംബന്ധിച്ചു ശരിപ്പെടുത്തിക്കൊള്ളേണ്ടതുണ്ട്.

7. നിങ്ങളുടെ വസ്തുക്കളിൽ നിങ്ങളുടെ സ്വന്തം ഉപയോഗത്തിനായി ചെയ്തിട്ടുള്ള കുളം, വഴി, കിണറു, ഇതുകളെ പുറമ്പോക്കായി റിക്കാർഡു ചെയ്യാതിരിക്കാൻ സൂക്ഷിക്കണം.

# കൂട്ടൽ

൧. ഒരു വസ്തു ഉടമസ്ഥന്ന റവന്യൂ സംബന്ധമായി അറിയേണ്ട ഭാഗങ്ങൾ മിക്കവാറും മുകളിൽ പറഞ്ഞിട്ടുണ്ട്. അതുകൂടാതെ കൂട്ടലായിട്ടുള്ള ചില ഭാഗങ്ങൾ മുകളിൽ അതാതു വകുപ്പുകളോടു ചേർത്തു വായിപ്പാനുള്ളതാണ് താഴെ കൊടുത്തിട്ടുള്ളത്.

൨. പട്ടയത്തിന്റെ കാര്യത്തിൽ മുകളിൽ ൭-ാം വകുപ്പിൽ പകുതി ബി രജിസ്റ്ററിന്ന പകർപ്പു വാങ്ങിക്കണമെന്നു പറഞ്ഞിട്ടുണ്ടല്ലോ. ഏരിയായിലൊ കരത്തിലൊ കൂട്ടൽ കുറവുള്ള സംഗതികളിൽ മാത്രമാണ് ബി രജിസ്റ്ററിൽ പതിക്കുന്നതെന്നറിയണം. യഥാസ്ഥിതിയിലുള്ള പേരു മാററം മാത്രമായ പോക്കുവരവു ബി രജിസ്റ്ററിൽ കയറുകയില്ല. പുതുവൽ പതിവു, പോക്കുവരവു സബ് ഡിവിഷൻ, പൊന്നുംവില സബ്ഡിവിഷൻ, പൊന്നുംവില കരക്കുറവു, മററുവിധത്തിലുള്ള കുറവുകൾ ഇതെല്ലാം ബി രജിസ്റ്ററിൽ കയറും. പട്ടാദാരനെ സംബന്ധിച്ചു മാത്രമായ ഭേദഗതി തണ്ടപ്പേരു അക്കൌണ്ടിലെ കയറുകയുള്ളു. അതുകൊണ്ടു പട്ടയത്തിന്റെ കാര്യത്തിൽ ചിററാ പകർപ്പു അല്ലെങ്കിൽ സെററിൽമെൻറു രജിസ്റ്ററിന്ന പകർപ്പു, ബി രജിസ്റ്ററിന്ന പകർപ്പു, തണ്ടപ്പേരിന്ന പകർപ്പു ഇവ യഥോചിതം വാങ്ങിച്ചുകൊള്ളണം. ചില ലക്കങ്ങളുടെ ചിററാ കണ്ടില്ലെന്നു വന്നേക്കും. അതാണു സെററിൽമെൻറു രജിസ്റ്ററിന്ന പകർപ്പു വാങ്ങണമെന്നു പറഞ്ഞത്.

൩. കരക്കുടിശിഖ ലേലം സംബന്ധിച്ചു കുടിശിഖക്കാരൻ ജപ്തിപ്പടി മുതലായി കൊടുക്കേണ്ട വിവരം മുക

ളിൽ ൨൦-ാം വകുപ്പിൽ പറഞ്ഞുവല്ലൊ. ഒരാണ്ടത്തെ കരം ആയാണ്ടവസാനത്തിനകം കൊടുത്തു തീക്കാത്ത പക്ഷം അടുത്തയാണ്ടിൽ അതു പഴയ കുടിശിഖ എന്ന ഇനമായി ഡിപ്പാർട്ടുമെൻറിൽ അക്കൗണ്ടുകളിൽ വിവരം പറയപ്പെടുന്നു. "പഴയ കുടിശിഖ"യിൽ ആയക്കെട്ടു കരവും സഞ്ചായം മുതലായ എല്ലാ ഇനങ്ങളും ഉൾപ്പെട്ടു ന്നെങ്കിലും ആയക്കെട്ടു കരമായ പഴയ കുടിശിഖക്കു മാത്രമെ പലിശ കൊടുക്കേണ്ടതൊള്ളു ആയതു നൂററിനു ആറു വീതമാണു്.

൩. ദിവാൻപേഷ്ക്കാരുടെ പക്കൽ ഹർജി കൊടുക്കണമെന്നും മററും മുകളിൽ പലേ പാരാവുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. വസ്തു കിടക്കുന്ന താലൂക്കിലെ റവന്യൂഭരണം ദിവാൻപേഷ്ക്കാരുടേയൊ ആ അധികാരം കൊടുക്കപ്പെട്ടിട്ടുള്ള അസിസ്റ്റൻറു ദിവാൻപേഷ്ക്കാരുടേയൊ കീഴിലാണെന്നറിഞ്ഞു് അസിസ്റ്റൻറു ദിവാൻപേഷ്ക്കാരുടെ അധീനത്തിലാണെങ്കിൽ അവിടെവേണം ഹർജിയൊ അപ്പീലൊ കൊടുക്കേണ്ടതു്. ടി ൨൪-ാം വകുപ്പിൽ മുദ്രക്കൂലിയെപ്പററി പറഞ്ഞിട്ടുള്ളതു നാഗരുകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ കോട്ടയം, പറവൂർ ഈ മുനിസിപ്പാൽ അതിർത്തികളിലാണെങ്കിൽ മുദ്രക്കൂലി ൧൦ ചക്രമാണു്.

൪. മുകളിൽ ൩൪-ാംതു വകുപ്പിൽ സന്നതിനെപ്പററി പറഞ്ഞിട്ടുണ്ടല്ലൊ. സന്നതു വാങ്ങി രജിസ്റ്റർ ചെയ്തു പട്ടയം വാങ്ങാതെയും തണ്ടപ്പേരു പിടിക്കാതെയുമുള്ള സംഗതികളിൽ ലേലവസ്തു ആരെങ്കിലും വില വാങ്ങുന്നതായാൽ ആയതും പോക്കുവരവു ചെയ്യുന്നതല്ല.

വേലക്കാരനല്ലാതെ വിലവാങ്ങിയ ആൾക്കു വേലസന്നതു കൊടുക്കുന്നതല്ലെന്നുള്ളതാണു് പ്രധാനമായറിയേണ്ടതു്.

൫. പോക്കുവരവു ചെയ്യേണ്ടതിനെപ്പററി പറഞ്ഞിട്ടുള്ളിടത്തു മുകളിൽ ഫന്ന-ാം വകുപ്പിൽ നിലം വസ്തു വിലവാങ്ങിക്കുമ്പോൾ ഗൗനിക്കേണ്ട ചില ഭാഗങ്ങളെപ്പററി പറഞ്ഞിട്ടുണ്ടല്ലോ. കരക്കുടിശിഖ ലേലത്തിൽ വസ്തു വിളികേട്ടയാളിൻെറ പക്കൽ നിന്നും വസ്തു വില വാങ്ങിക്കുകയാണെങ്കിൽ മുകളിൽ പറഞ്ഞിട്ടുള്ള ൪-ാം ഭാഗം ഗൌനിക്കണം. അതുപോലെതന്നെ കോർട്ടു സന്നതു സിദ്ധിച്ചിട്ടുള്ളയാളിനോടു വസ്തു വിലവാങ്ങുകയാണെങ്കിലും ടി വസ്തു ഒഴിപ്പിച്ചെടുത്തതിലേക്കുള്ള റിക്കാർഡുകൂടി ഉണ്ടായിരിക്കണം. അതില്ലെങ്കിൽ പോക്കുവരവു ചെയ്യുന്നതല്ല.

വസ്തു വിലവാങ്ങുമ്പോൾ ഗൌനിക്കേണ്ട വേറെചില സംഗതികൾ കൂടിയുണ്ടു്. അധഃകൃതവർഗ്ഗക്കാക്കു സൗജന്യമായി പുതുവൽ പതിച്ചുകൊടുത്തിട്ടുള്ള വസ്തുക്കളെ അധഃകൃത വർഗ്ഗക്കാക്കല്ലാതെ കൈമാററം ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്താൽ പതിവു അസ്ഥിരപ്പെട്ടു പോകുന്നതാണു്. സർവ്വീസു ഇനാം കുടുംബപ്പെരുതി ഈ ഇനം പ്രവൃത്തികൾക്കായി വിട്ടിട്ടുള്ള വസ്തുക്കളും അന്യാധീനം ചെയ്താൽ അസ്ഥിരപ്പെട്ടുപോകുന്നതാണു്. കണ്ടുകൃഷി വസ്തുക്കളെ സംബന്ധിച്ചും ഇതുതന്നെ നിയമം. പട്ടാളക്കാക്കു സൗജന്യപ്പതിവു അനുവദിച്ചു സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടു്. അതു പതിച്ചു പത്തുകൊല്ലം കഴിഞ്ഞാൽ അല്ലാതെ പേരിൽ പതിവുകാരനു വസ്തു കൈമാററം ചെയ്യാവുന്നതല്ല.

൯. പോക്കുവരവു സംബന്ധിച്ച ർ൧-ാം വകുപ്പിൽ നിന്നും വില വാങ്ങി അനുഭവിച്ചുവരുന്ന വസ്തുക്കൾ പോക്കുവരവിനു പ്രമാണപ്പകർപ്പു സഹിതം അപേക്ഷിക്കണമെന്നു പറഞ്ഞിട്ടുണ്ട്. പ്രമാണപ്പകർപ്പുകൾക്കു അരരൂപാ സ്റ്റാമ്പു സഹിതം പതിക്കണം. അതോടുകൂടിയുള്ള അപേക്ഷയ്ക്കു രണ്ടുചക്രം സ്റ്റാമ്പു പതിക്കണം എന്നാൽ ഈവക മുൻപ്രമാണങ്ങൾ രജിസ്ട്രു കച്ചേരികളിൽ നിന്നും താലൂക്കിലേക്കയച്ചുകൊടുത്തു മുമ്പു എങ്ങിനെയൊ പോക്കുവരവു അനുവദിക്കാതെയിരുന്നിട്ടുള്ളതാണ്. ആവക കേസ്സുകൾ താലൂക്കിൽ "റിക്കാർഡിൽ" കണ്മാനിടയുണ്ട്. അതിനാൽ ആവക പ്രമാണങ്ങളുടെ ആണ്ടു, മാസം, തിയതിയും ആധാര നമ്പരും സബ്‌രജിസ്ട്രാർ കച്ചേരിയുടെ പേരും കാണിച്ചു മുൻകേസ്സെടുത്തു പോക്കുവരവു ചെയ്തുകിട്ടണമെന്നു ഒരപേക്ഷ മാത്രം കൊടുത്താൽ മതി. പ്രമാണപ്പകർപ്പു എഴുതി ഹാജരാക്കണമെന്നില്ല. അങ്ങനെയുള്ള അപേക്ഷകളെ സംബന്ധിച്ചു മുൻ റിക്കാർഡു കണ്ടെടുത്തു പോക്കുവരവു ചെയ്തു കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ട്. ചിലപ്പോൾ ആ പ്രമാണങ്ങൾ കാണ്മാനില്ലാത്തതിനാൽ പകർപ്പു ഹാജരാക്കി അപേക്ഷിക്കണമെന്നതെഴുപ്പെടുത്തുന്ന സംഗതികളിൽ മാത്രം പ്രമാണപ്പകർപ്പു ചേർത്തു അപേക്ഷിക്കേണ്ടതൊള്ളൂ.

൧. ഒരു വസ്തുവിൻറ ഏതാനും ഭാഗം മാത്രം എഴുതിപ്പിടിക്കുമ്പോൾ അതനുസരിച്ചു പോക്കുവരവിനു തീരുമാനിക്കുന്ന സംഗതികളിൽ അത്രയും സ്ഥലം സബ്ഡിവിഷൻ ചെയ്തു കല്ലു സ്ഥാപിച്ചുകിട്ടണമെന്നു അപേ

ക്ഷിക്കേണ്ടതിനെപ്പററി മുകളിൽ ൬൦-ാം വകുപ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. അതിലേക്കു അപേക്ഷിക്കേണ്ടതു ൫൦ നമ്പരിൽ അതിൎത്തിക്കല്ലു സ്ഥാപിക്കാൻ അപേക്ഷിക്കേണ്ടതിനു ൪൮-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള മാതിരി ഫാറപ്രകാരമല്ല. അതിലേയ്ക്കു മാതൃകാഫാറം നിശ്ചയിച്ചിട്ടില്ല താഴെ കാണിച്ചിട്ടുള്ളതിനെ മാതൃകയായി വിചാരിക്കാം.

രാജമാന്യരാജശ്രീ താലൂക്കുകച്ചേരി മുമ്പാകെ
ബോധിപ്പിക്കുന്ന ഹർജി

ഞാൻ വിലവാങ്ങി അനുഭവിച്ചുവരുന്നതും ഈ സമക്ഷത്തു -ാമാണ്ട് -ാം നമ്പ്ര പോക്കുവരവു സബ്ഡിവിഷൻ കേസ്സിലെ തീർച്ചക്കു ഹേതുവായതും എന്റെവക -ാമതു നമ്പ്ര തണ്ടപ്പേരിൽ കൊണ്ടിട്ടുള്ളതുമായ പകുതിയിൽ സർവ്വെ നമ്പരിൽ ഏക്കർ സെൻറു സ്ഥലം അളന്നു അതുകു തിരിച്ചു കല്ലു സ്ഥാപിച്ചുതരണമെന്നു അപേക്ഷിക്കുന്നു മുറയ്ക്കുള്ള ഫീസ്സ് നോട്ടീസ്സനുസരിച്ചു ഒടുക്കി ചെല്ലാൻ രസീതു ഹാജരാക്കിക്കൊള്ളാം. ഈ ഹർജിയിൽ കോർട്ടുഫീസ്സു അരരൂപാ സ്റ്റാമ്പു പതിച്ചിരിക്കുന്നു.
ആണ്ടു മാസം തിയതി (ഒപ്പ്)

ഈ അപേക്ഷക്കു മുമ്പായി പോക്കുവരവു പട്ടയം വാങ്ങുകയും റഫ് സ്കെച്ചിനു പകർപ്പു എടുത്തുവയ്ക്കുകയും ചെയ്തുകൊള്ളണം. പോക്കുവരവു ചെയ്യാത്തപക്ഷം സബ്ഡിവിഷൻ ചെയ്യുന്നതല്ല.

൮. പുതുവൽ പതിപ്പിനെപ്പററി മുകളിൽ ൪൪-ാമതു പാരാവിൽ പറഞ്ഞിട്ടുണ്ടല്ലോ. പുതുവൽ സ്ഥലം താഴെ പറയുന്ന സംഗതികളിലൊഴികെ ലേലംചെയ്തു പതിക്കണമെന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ.

ലേലം ചെയ്യാതെ പതിക്കാവുന്നതു്:

എ. വസ്തു ഉടമസ്ഥന്റെ പതിവു ഭൂമിക്കും, അടപ്പക്ഷയിൽപെട്ട സർക്കാർ ഭൂമിക്കും ഇടയ്ക്കു വേറെ വസ്തു ഇല്ലാതിരിക്കണം.

ബി. നിലങ്ങളോടു തൊട്ടുകിടക്കുന്നതും നിലത്തിന്റെ ഗുണത്തിനു വേണ്ടി അതോടു ചേർത്തീരുവെന്നുള്ളതുമായ ഭൂമി.

സി. കൃഷിക്കു ഉപയോഗമുള്ള പച്ചില വളങ്ങളോ കന്നുകാലി മേച്ചിലിനുള്ള വിളവുകളോ വച്ചു പിടിപ്പിക്കുന്നതിനുള്ള ഭൂമി ഇവ ൩ ഏക്കറിൽ കവിയാതെയുമിരിക്കണം.

പുതുവൽ ചട്ടപ്രകാരം ഗവണ്മെന്റിൽ നിന്നും ദയാപൂർവം അനുവദിച്ചിട്ടുള്ള ഒരു സൌജന്യത്തെ നടപ്പിൽ വരുത്തുന്നതിനു സാധുക്കളായ ജനങ്ങളുടെ നന്മക്കുവേണ്ടി സമുദായാഭിമാനികൾ ഗൗനിച്ചിട്ടില്ലാത്ത ഒരു പ്രധാന കാര്യംഉണ്ടു്. അതായതു ഒരനാഥ കുടുംബത്തിനു ൫ ഏക്കർ സ്ഥലംവരെ സൗജന്യമായി പതിച്ചുകൊടുക്കാമെന്നുള്ളതാണു്. അധഃകൃതവർഗ്ഗക്കാർക്കു ൫ ഏക്കർ സ്ഥലം വരെ സൗജന്യമായി പതിക്കാമെന്നുള്ളതിനെ അവർ കഴിയുന്നതും ശ്രമിച്ചു പതിച്ചുവാങ്ങുന്നുണ്ടു്. അതിനെപ്പററി അന്വേഷിപ്പാൻ സമുദായ ഘടനകളും ഉണ്ടു്. അവരുടെ അപേക്ഷകൾക്കു സ്റ്റാമ്പു ആവശ്യമില്ല. ഓരോ സമുദായത്തിലും സാധുക്കൾക്കു ഇതിന്മണ്ണം വസ്തു പതിക്കാമെന്നുള്ളതിനെ സമുദായാഭിമാനികൾ അറിഞ്ഞു പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇങ്ങനെയുള്ള പതിവുകളും അന്യാധീനപ്പെടുത്തുവാൻ പാടുള്ളതല്ല.

൯ ൩൩-ാം വകുപ്പിൽ ജന്മികുടിയാൻ മിച്ചവാരത്തെപ്പററി പറഞ്ഞിട്ടുണ്ടല്ലോ. പൊളിച്ചെഴുത്തവകാശം കണക്കാക്കേണ്ട രീതി ഒന്നു വിശദപ്പെടുത്തി പറവാ

ന്നുണ്ട്. അതായതു ൧൨ വർഷത്തേയ്ക്കുള്ള പൊളിച്ചെഴുത്തവകാശത്തിന്റെ വ്യാപ്തി ൩൦ ശതമാനത്തിൽ കവിയാൻ പാടില്ല. പൊളിച്ചെഴുത്തവകാശത്തിൽ അടുക്കുവതും; ഒപ്പുസൂചിയും, ഓലപ്പണവും ഉൾപ്പെട്ടിരിക്കുന്നു. അടുക്കുവതവകാശം പത്തിന് ഒന്നുമുതൽ രണ്ടരവരെയുണ്ട്. കാണാർത്ഥത്തിന്റെ ൩൦ ശതമാനത്തിൽ പൊളിച്ചെഴുത്തവകാശം കവിയുന്നപക്ഷം കാണാർത്ഥത്തിന്റെ ൩൦ ശതമാനം മാത്രമേ കണക്കാക്കാൻ പാടുള്ളൂ. അതാണ് ൧൨ വർഷത്തേക്കുള്ള പൊളിച്ചെഴുത്തവകാശം. അതിന്റെ ൭ ശതമാനമാണ് ഒരാണ്ടത്തെ പൊളിച്ചെഴുത്തവകാശമായി കണക്കാക്കപ്പെടുന്നതു്. ഇതോടുകൂടി മിച്ചവാരം, ഓണക്കാഴ്ച, ആറുകാഴ്ച, പഞ്ചപലം, ഉൽസവക്കോപ്പ്, കലശവരി എന്നുള്ള ഇനങ്ങളും കൂടി ചേർത്താണ് ജന്മിക്കരം നിശ്ചയിക്കുന്നതു്.

# ക്രിസ്ററൽ പ്രസ്സ് മാത്താണ്ഡം

മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ
ഭാഷകളിലുള്ള ഏതുതരം
അച്ചടി വേലകളും ഏററവും മനോഹരമായി
ക്ലിപ്തകാലത്തിനുള്ളിൽ മിതമായ
ചാർജിൽ ചെയ്തു കൊടുക്കുന്നതാണ്.

---

## "പട്ടാദാർ" പുസ്തകം

താഴെക്കാണുന്ന മേൽവിലാസത്തിൽ
ആവശ്യപ്പെടുക.

കെ. മാധവൻപിള്ള
ശ്രീവിലാസം ബംഗ്ലാവ്,
കുഴിത്തുറ.

# "പട്ടാദാർ"

"കരം ഒടുക്ക്, പോക്കുവരവ്, പുറമ്പോക്ക്, പതുവൽപതിവ്,
പൊന്നുംവില, കൃഷി വായ്പ, ഭൂസ്വത്തുജാമ്യ ബാങ്ക്,
ജന്മികുടിയാൻ, വരാൻപോകുന്ന കണ്ടെഴുത്തിൽ
അറിയേണ്ടും കാര്യം, ഹർജിക്കാര്യം,
ജനനമരണം, വിവാഹം മുതലായി
ഭൂസ്വത്തുടമസ്ഥന്മാർ അറിഞ്ഞിരി
ക്കേണ്ട എല്ലാ സംഗതികളും
ഇതിൽ അടങ്ങീട്ടുണ്ട്.

12246

---

## തിരുവല്ല മാധവൻപിള്ള

---

ക്രിസ്റ്റൽ പ്രസ്സ്, മാർത്താണ്ഡം.

1108.

വില ചക്രം ൨.

ഗ്രന്ഥകർത്താവിന്റെ മുദ്രയോ [illegible]ല്ലാത്ത പുസ്തകം വ്യാജമാകുന്നു